പ്രാദേശിക കണ്ടുപിടുത്തങ്ങളെക്കുറിച്ചുള്ള മലയാളത്തിലെ ആദ്യത്തെ പ്രസിദ്ധീകരണം

# ഇനി കർഷകൻ സംസാരിക്കട്ടെ...

വാല്യം 5 ലക്കം 11 2020 സെപ്റ്റംബർ – ഡിസംബർ



For Private Circulation Only

Land Lab

Promoting Culture of Creativity

Published by: Peermade Development Society

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ് ........ 03

ജാതിയിൽ പൊൻമുടിക്കു
പൊൻതൂവലായി ഇടവരമ്പേൽ ഗോൾഡ് ........ 05

ശൈര്യമാക്കൽ ജാതിയിനം ........ 07

നെല്ലിൽ കെട്ടിനാട്ടിയുമായി അജി
വയനാട്ടിൽ നിന്നൊരു വിജയഗാഥ ........ 09

റംബുട്ടാൻ തോട്ടങ്ങൾ കീഴടക്കാൻ സീസർ ...... 11

കൈരളി കുരുമുളക് ഇനം
(കൈരളി 999) ........ 13

ഗംഭീരം ഫാബ് ജാതിയിനവുമായി
സുമിത്ത് എം.എസ് ........ 15

കാട്ടിലെ മൂട്ടിപ്പഴത്തെ വീട്ടിൽ എത്തിച്ചപ്പോൾ
മൂട്ടി മധുരം ........ 16

Pampavalley Hybrid Arecanut (PHA) .... 18

അനായാസം ഉപയോഗിക്കാവുന്ന
Vegetable pots shift trolley, Pots stand .. 20

Hill Range Tribal Farmers Product
Company Ltd. Kannampady
- KS Joseph ........ 22

റബർ ടാപ്പിംഗ് അനായാസകരമാക്കാൻ ബാറ്ററി
യിൽ പ്രവൃത്തിക്കുന്ന കത്തിയുമായി
ശ്രീ. ബിജു നാരായണൻ ........ 23



Editor
**Fr. Jilson James**

Editorial Team
**Fr. Brijesh Toms**
**Stebin K. Sebastian**

Photos
**Stebin K. Sebastian**




Editorial Address
Ini Karshan Samsarikatte
Peermade Development Society
P.B. No. 11, Peermade - 685 531
Idukki District, Kerala
Tel: +91 4869-232197, 232275
pds@pdspeermade.com
pdsngo1980@gmail.com



Cover
**Munthiri Mooti Fruit Variety**

Printed at:
**Amala offset, Kanjirapally**
**Copies : 500**

# പ്രസാധകക്കുറിപ്പ്

സ്നേഹം നിറഞ്ഞ വായനക്കാരേ,

വായന, കൃഷിയിലേക്ക് നയിക്കട്ടെ. പൊതുവെ അനുഭവ സമ്പത്തും നിരീക്ഷണപാടവവുമുള്ള കർഷകരും സാധാരണക്കാരും അത് രേഖപ്പെടുത്തിവയ്ക്കുവാൻ തയ്യാറാകാറില്ല. തന്മൂലം ഇവരുടെ വർഷങ്ങളുടെ നിരീക്ഷണ ഗവേഷണ ഫലങ്ങൾ മറ്റുള്ളവർക്ക് അന്യമാകുന്നു. ഈ പ്രസിദ്ധീകരണത്തിന്റെ പ്രധാന ഉദ്ദേശ്യം തന്നെ ഇത്തരം അനുഭവങ്ങളെ പുറം ലോകത്ത് എത്തിക്കുക എന്നതാണ് ഈ കണ്ടുപിടുത്തങ്ങൾ വ്യാവസായികാടിസ്ഥാനത്തിലോ, അല്ലാതെയോ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പ്രയോജനകരമായ സംരംഭങ്ങളാക്കി പരിണമിപ്പിക്കാൻ സാമൂഹികരംഗത്തും ജൈവകൃഷിരംഗത്തും, ആയുർവ്വേദ ഉത്പന്നങ്ങളുടെ നിർമ്മാണ രംഗത്തും, ചികിത്സയിലും, അവയുടെ കയറ്റുമതിയിലും, വർഷങ്ങളുടെ അനുഭവസമ്പത്ത് ഉള്ള പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിക്ക് കഴിയും. ഈ ഉദ്ദേശ്യങ്ങളെ മുൻനിർത്തി പുതിയൊരു വിപണന സാധ്യത കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ ഞങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതിനായി നൂതന സാങ്കേതിക വിദ്യയും മെച്ചപ്പെട്ട നടീൽ വസ്തുക്കളും ലഭ്യമാകേണ്ടതുണ്ട്.

അതോടൊപ്പം കാർഷിക മേഖലയ്ക്ക് വിവിധതരം കടമകളാണ് ഇന്നു നിറവേറ്റാനുള്ളത്. അവയൊന്നും മറ്റൊന്നും കൊണ്ടും പകരം വയ്ക്കാവുന്നതുമല്ല. ഭക്ഷ്യ സുരക്ഷ മുതൽ വ്യാവസായിക വളർച്ചയിൽ ഹരിതഭാരതത്തിന്റെ പങ്കുവരെ അവഗണിക്കാനാവാത്ത കാര്യങ്ങൾ നിരവധിയാണ്. നിർഭാഗ്യവശാൽ, നമ്മുടെ നാട്ടിൻപുറങ്ങളിൽ പോലും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ് കൃഷിയും കൃഷിക്കാരും ചർച്ചാവിഷയമാകുന്നത്. ഈ നയം മാറണം. കൃഷിക്കാരുടെ എണ്ണം അനുദിനം കുറഞ്ഞു വരുന്ന ഈ കാലത്ത് കാർഷികമേഖലയിലെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ അധികമാരും ഉണ്ടാ

വില്ലെന്നാണ് പലരും കരുതുന്നത്. പക്ഷെ എണ്ണം കുറയുന്നതുകൊണ്ട് കൃഷിക്കാരുടെ പ്രാധാന്യം കുറയുകയല്ല, കൂടുകയാണെന്നു നാം മനസ്സിലാക്കണം. ഉത്പാദകരുടെ എണ്ണം കുറയുകയും ഉപഭോക്താക്കളുടെ എണ്ണം കൂടുകയും ചെയ്യുന്ന സമൂഹത്തിൽ ഉത്പാദകരെ ശരിയായി പരിഗണിക്കേണ്ടത് ഉപഭോക്തൃ സമൂഹത്തിന്റെ കൂടി ആവശ്യമാണ്. തദവസരത്തിൽ കൃഷിയേയും കൃഷിയിൽ നൂതന കണ്ടുപിടിത്തങ്ങൾ നടത്തുന്ന വ്യക്തികളേയും പറ്റി സമൂഹത്തിന്റെ അഭിപ്രായങ്ങളും തദ്ദേശീയ വിത്തിനങ്ങളുടേയും സസ്യവർഗ്ഗങ്ങളുടെയും പ്രാധാന്യവും മനസ്സിലാക്കേണ്ടത് വളരെ ആനുകാലികമാണ്. ഈ അവസരത്തിൽ ൧൦-ാമത് ദേശീയ മത്സരത്തിൽ കേരളത്തിൽ നിന്നും പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെ കണ്ടെത്തൽ വിഭാഗത്തിലൂടെ അവാർഡിന് അർഹരായ ശ്രീ. റോയി ശൈത്യംമാക്കൽ, ശ്രീ. ഇ. വി. തോമസ് ഇടവരമ്പേൽ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ തനതായ കാർഷിക സംസ്കാരത്തിലൂടെ അഭിവൃദ്ധി ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

എന്ന്

**ഫാ. ജിൽസൺ ജയിംസ് കുന്നത്തുപുരയിടം**

**10–ാമത് ദേശീയമത്സരത്തിലെ അവാർഡിന് അർഹരായ ശ്രീ. ഇ. വി. തോമസ് ഇടവരമ്പേൽ, ശ്രീ. റോയി മാത്യു ശൈര്യംമാക്കൽ എന്നിവരെ 'അവാർഡ് ജേതാക്കൾ' എന്ന ലേഖനത്തിലൂടെ പരിചയപ്പെടുത്തുന്നു.**



# ജാതിയിൽ
## പൊന്മുടിക്ക് പൊൻതൂവലായി
# 'ഇടവരമ്പേൽ ഗോൾഡ്'



**കൃ**ഷിയിൽ തത്പരനും കുടിയേറ്റ കുടുംബത്തിലെ അംഗവുമായ ഇടുക്കി കൊന്നത്തടി പഞ്ചായത്തിലെ പൊന്മുടി സ്വദേശി ശ്രീ. ഇ.വി. തോമസ് എന്ന ഇടവര മ്പേൽ തോമസിനാണ് തന്റെ പരീക്ഷണനി രീക്ഷണത്തിലൂടെ കണ്ടെത്തിയ 'ഇടവര മ്പേൽ ഗോൾഡ്' എന്ന ജാതിയിനത്തിന് 10–ാമത് നാഷണൽ ഇന്നവേഷൻ പുര സ്കാരം ലഭിച്ചത്.

ജാതികൃഷിയിലേയ്ക്ക് തോമസ് ചേട്ടൻ വരുന്നതിനുമുമ്പ് ഹൈറേഞ്ചിലെ കുടിയേറ്റക്കാരുടെ നാണ്യവിളകളിൽ ഒന്നായ കുരുമുളക് കൃഷി യിൽ മികച്ച വിളവ് ഉണ്ടാ ക്കുവാൻ സാധിച്ചെങ്കിലും കുരുമുളക് സസ്യങ്ങൾക്ക് അടിക്കടിയുള്ള വിളനാ ശവും ഉത്പാദന ചെലവ് വർദ്ധനവും ഇദ്ദേഹത്തെ സാരമായി ബാധിച്ചിരുന്നു. ആയുസ്സു കൂടുതലുള്ള മര ങ്ങളെ വരുമാന മാർഗ്ഗമാക്കി മാറ്റുക എന്നുറപ്പിച്ച തോമസ് കാലക്രമേണ ജാതികൃഷിയിലേക്ക് മാറി.



പുതിയ ജാതി ഇനങ്ങൾ കാണുന്നതിനും അത് ഗ്രാഫ്റ്റ് ചെയ്യുന്നതിനും അതുപോലെ കാട്ടുജാതി യിൽ പരീക്ഷിക്കുന്ന തിനും പ്രത്യേകം ശ്രദ്ധിച്ച ശ്രീ. തോമസ് താൻ നട്ട ജാതിയിൽ ഒരെണ്ണത്തിന് പത്രി 5–7 ദിവസങ്ങൾ അഴുകാതെ കിടക്കാനുള്ള പ്രത്യേകത ഉള്ളതായി

മണ്ണിളക്കി പണിയാതെ പ്രകൃതിയുടെ തനിമ നിലനിർത്തി ജൈവരീതിയിൽ പരിപാലിക്കുന്ന രീതിയാണ് തോമസ് ചേട്ടന്റേത്. ആയതിനാൽ രോഗകീടങ്ങളും വരൾച്ചയും ചെറുക്കുവാൻ ഇതിനു കഴിയും എന്നതും അതോടൊപ്പം ഉത്പാദന ചിലവു കുറയ്ക്കാൻ സാധിക്കുന്നുവെന്നതും ഈ കൃഷിരീതിയുടെ മറ്റൊരു സവിശേഷതയാണ്. ഇതോടോപ്പം നൂതന കൃഷി രീതികളും പുത്തൻ സാങ്കേതിക വിദ്യകളും അവലംബിക്കുവാൻ ഈ ജൈവ കർഷകൻ പ്രയത്നിച്ചുകൊണ്ടേയിരിക്കുന്നു. നശിച്ചു പോകാത്ത കുരുമുളക് ചെടി എന്ന തന്റെ സ്വപ്നം, പരീക്ഷണ നിരീക്ഷണത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞുവെന്ന മറ്റൊരു സന്തോഷം കൂടി അദ്ദേഹം ഞങ്ങളോടു പങ്കുവയ്ക്കുകയുണ്ടായി. 'സഹ്യജ്യോതി' എന്നാണ് ഈ ഇനത്തിന് അദ്ദേഹം പേരു നൽകിയിരിക്കുന്നത്.

ഫോൺ : 9847853435

തിരിച്ചറിഞ്ഞു. ഈ സവിശേഷത ശ്രദ്ധയിൽ പെട്ടപ്പോൾ ഇതിന്റെ കമ്പുകൾ കൂടുതലായി ബഡ് ചെയ്ത് കൂടുതൽ ഇടങ്ങളിൽ കൃഷി ചെയ്തു. ഇന്ന് 15 വർഷം മുതൽ 20 വർഷം വരെ പ്രായമുള്ള ഏകദേശം 5 ജാതിമരങ്ങൾ തോമസ് ചേട്ടന്റെ പുരയിടത്തിൽ ഉണ്ട്.

15 വർഷം പ്രായമുള്ള 'ഇടവരമ്പേൽ ഗോൾഡ്' എന്ന ജാതി മരത്തിൽ നിന്നും ഒരു വർഷം ഏകദേശം 200 കിലോ ഉണക്ക കായ്കൾ ലഭിക്കും. 13–15% വരെ ഓയിൽ സാന്ദ്രത, 7 ദിവസം വരെ അഴുകാത്ത പത്രി, കടുത്ത ചുവപ്പു നിറം എന്നിവയാണ് ഇവയുടെ മറ്റു പ്രത്യേകതകൾ.

**''ജാതിയേതെന്ന് ചോദിച്ചാൽ തോമസ് ചേട്ടൻ അഭിമാനത്തോടെ പറയും 'ഇടവരമ്പേൽ ഗോൾഡ്' എന്ന്.**

**സവിശേഷതകൾ**

Superior quality nuts with high oil content - 13.30

Total Phenol - 20'7 mg GAE/g, Alpha - limonene - 9.84 %


കടപ്പാട്: IISR Kozhikodu

**ജാതിക്കയും പത്രിയും വർഷങ്ങളോളം കേടുകൂടാതെ സൂക്ഷിക്കുവാൻ**

ജാതിക്കയും ജാതിപത്രിയും വർഷങ്ങളോളം കേടുകൂടാതെ സൂക്ഷിക്കുവാൻ ഉണങ്ങിയ ജാതിപത്രി ചൂടാറിയ ശേഷം ചെറിയ പ്ലാസ്റ്റിക് ബാഗെടുത്ത് അതിൽ രണ്ട് വയ നിട്ട് ജാതിപത്രി നിക്ഷേപിക്കുക. വായുകടക്കാത്ത രീതിയിൽ ബാഗ് കെട്ടിയശേഷം ഒരു ഡ്രമ്മിനുള്ളിൽ ഇട്ട് ഇതു നിറഞ്ഞു കഴിയുമ്പോൾ അടച്ചുവച്ചതിനുശേഷം അതിനു ശേഷം ഇൻസുലേഷൻ ടേപ്പൊട്ടിച്ച് സൂക്ഷിക്കുക. മൂന്നു നാലു വർഷംവരെ പത്രി കേടുകൂടാതെ സൂക്ഷിക്കാം.

**അയച്ചുതന്നത്:**
**ശ്രീ. ജോസ് കോട്ടൂർ**
**ഫോൺ: 9846392555**

# ഐശ്വര്യം മാക്കൽ ജാതിയിനം



പ്രതിസന്ധികളെ ധൈര്യത്തോടെയും ശ്രദ്ധയോടെയും തരണം ചെയ്തു ചുറ്റുപാടുകളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടും മുന്നേറിയതാണ് ശ്രീ. റോയി മാത്യു എന്ന റോയിചേട്ടന്റെ ജീവിതം. ജില്ല ഇടുക്കിയാണെങ്കിലും തൊടുപുഴ താലൂക്കും റോയിചേട്ടന്റെ ജന്മസ്ഥലമായ കരിമണ്ണൂരും റബർ പ്ലാന്റേഷൻ ഏരിയായാണ്. ഇവിടത്തുകാരുടെ ആദായത്തിന്റെ മുഖ്യ സ്രോതസ്സ് റബർ മരങ്ങൾ തന്നെയാണ്. 1997 കാലഘട്ടത്തിൽ റബറിനു 245 രൂപ വിലയുള്ളപ്പോൾ തന്റെ റബർ മരങ്ങൾ വെട്ടിമാറ്റി. ജാതി കൃഷി ചെയ്ത റോയി ചേട്ടനെ ആളുകൾ അമ്പരപ്പോടെ നോക്കി. പക്ഷേ റോയി ചേട്ടൻ ചിന്ത മറ്റൊന്നായിരുന്നു. വർഷങ്ങൾക്കു ശേഷം ഈ ടാപ്പിംഗ് ജോലികൾ ആരു ചെയ്യും? ആയതിനാൽ ഏറ്റവും ആയുസ്സുള്ള മരമായ ജാതി മരങ്ങൾ വയ്ക്കുക, കായ്കൾ നിലത്തു വീഴുമ്പോൾ ആയാലും ശേഖരിക്കാമല്ലോ. ഇതിനു പിന്നിൽ 45 വർഷം പഴക്കമുള്ള ഒരു സംഭവം കൂടിയുണ്ട്.





45 വർഷങ്ങൾക്കുമുമ്പ് തന്റെ ജ്യേഷ്ഠന്റെ ഭാര്യവീട്ടിൽ ആകസ്മികമായി ചെന്നപ്പോൾ അവിടെ 50 മുതൽ 60 വർഷം വരെ വർഷം പഴക്കമുള്ള ജാതിമരങ്ങൾ നിറയെ കായ്ച്ചുകിടക്കുന്നത് ഇദ്ദേഹം കണ്ടു. ഈ കാഴ്ച അദ്ദേഹത്തെ വളരെയധികം ആകർഷിക്കുകയും അതിന്റെ ഉടമസ്ഥനോട് തന്റെ വീടിരിക്കുന്ന സ്ഥലം വന്നു കാണാനും അവിടെ ജാതികൃഷി ചെയ്യാൻ താത്പര്യമുണ്ടെന്നും അറിയിച്ചു. ഇതനുസരിച്ച് ബന്ധുവായ മൂഴിക്കച്ചാലിൽ പൗലോസ് സ്ഥലം സന്ദർശിക്കുകയും ആ 2 ഏക്കർ സ്ഥലത്ത് 50

ജാതിമരങ്ങൾ കൃഷി ചെയ്യാനുള്ള നിർദ്ദേശം നൽകുകയും ചെയ്തു. കാരണം ഇവിടെ 50 ജാതി നനക്കാനുള്ള ജലമേ ലഭിക്കൂ. പക്ഷേ തന്റെ താത്പര്യം കൊണ്ട് അദ്ദേഹം 100-ഓളം ജാതി തൈകൾ വച്ചു. പക്ഷേ, ആ ജാതി എല്ലാം തന്നെ ആൺജാതിയായിരുന്നു. വീണ്ടും അദ്ദേഹം പൗലോസ് ചേട്ടന്റെ സഹായം തേടി ഈ സമയം ജലസേചനത്തിനുവേണ്ടി വലിയ കുളവും നിർമ്മിച്ചു. ഈ ജാതിയിൽ നല്ല ജാതിയിനങ്ങൾ ബഡ്സ് ചെയ്യാനും നിർദ്ദേശിച്ചു. പിന്നീട് അതിന്റെ അന്വേഷണവുമായി ഇദ്ദേഹം ഒരുപാട് സ്ഥലങ്ങളിൽ യാത്ര ചെയ്തു. വനപ്രദേശങ്ങളും ഇതിൽ ഉൾപ്പെടും. കിട്ടിയതെല്ലാം വച്ച് ബഡ്ഡിങ്ങും, ഗ്രാഫ്റ്റിങ്ങും നടത്തിപ്പോന്നു. അതിൽ 1 മുതൽ 3 വരെ കായ്കൾ ഉണ്ടായ ഇനങ്ങളെ തന്റെ സ്ഥലത്ത് അദ്ദേഹം വച്ചുപിടിപ്പിച്ചു. അതിൽ ഉണ്ടായ ഇനമാണ് ഭാവിയിൽ ശൈര്യംമാക്കൽ ജാതിയിനമായി പരിണമിച്ചത്. ജാതിപത്രിയിൽ 25% ഓയിൽ ഉള്ളതാണ് ഇതിന്റെ ഏറ്റവും വലിയ സവിശേഷത.

**സവിശേഷതകൾ**

| | |
|---|---|
| Higher mace oil content | 24.3% |
| Non-Volatile extract | 33.1% |
| Beta - Pinene | 12.64% |
| Myristicin | 25.95% |

കടപ്പാട്: IISR Kozhikodu

**ഫോൺ: 9447612610**

**ഗർഭരക്ഷാ കഷായം**

കാട്ടുമാങ്ങാ പിഴിഞ്ഞ് 12 മണിക്കൂർ ചട്ടിയിൽ വഴറ്റി എടുത്താണ് ഇത് ഉണ്ടാക്കുന്നത്. ഇതിന്റെ കൂടെ ജാപ്പിയിൽ മഞ്ഞളും കുരുമുളകും മിക്സ് ചെയ്താൽ പ്രസവരക്ഷാ കഷായമായും ഉപയോഗിക്കാം. പ്രസവശേഷം നെല്ല് കുത്താൻ വരെ ശക്തിയുണ്ടാവും. നടുവേദനയൊന്നും ഉണ്ടാകില്ല. തേങ്ങാപ്പാൽ ഉപയോഗിക്കുന്നത് നല്ലതാണ്.

**ത്രിഫല**

ഇളം ചൂട് വെള്ളത്തിൽ 1 ഗ്ലാസിന് 1 സ്പൂൺ പൊടി ഇട്ട് ദാഹശമനിയായും കഴിക്കാം. കണ്ഠശുദ്ധി വരുത്താനും കഫകെട്ട് ഒഴിവാക്കാനും നെഞ്ചെരിച്ചിൽ, ത്വക്ക് രോഗങ്ങൾ, കാഴ്ചക്കുറവ്, പൈൽസ് രോഗം, വയറുവേദന, വയറ്റിൽ കാളൽ എന്നീ അസുഖങ്ങൾക്കും ത്രിഫല ജാപ്പി പൊടി ഉപയോഗിക്കാം.

**അറിവുകൾ അയച്ചുതന്നത്: മിനി ഉതുപ്പ്, വയനാട്**

**ഫോൺ: 9048943678, 8304092078**



# നെല്ലിൽ കെട്ടിനാട്ടിയുമായി അജി: വയനാട്ടിൽ നിന്നൊരു വിജയഗാഥ

**ഒ**രുപാട് സമരങ്ങളുടെയും അതിജീവന പോരാട്ടങ്ങളുടെയും ചരിത്ര സ്മൃതികൾ ഉറങ്ങുന്ന സ്ഥലമാണ് വയനാട്. കൃഷിയിലും വളരെയേറെ കണ്ടെത്തലുകൾക്ക് വയനാട് അഥവാ വയൽനാട് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

നെല്ലിൽ ഇരട്ടിവിളവ്, ഒരേക്കറിൽ ഞാറുനടാൻ ഏകദേശം 20 തൊഴിലാളികൾ വേണ്ടിടത്ത് വെറും 5 പേർ, 30-35 കിലോ വിത്തുവേണ്ടിടത്ത് 1.5-2 കിലോ മാത്രം. വളക്കൂട്ടുകൾ ഗുളിക രൂപത്തിലാക്കി അതിൽ വിത്തുകിളിർപ്പിച്ചു നടുന്ന കെട്ടുനാട്ടിരീതിയിൽ നെൽകൃഷി നടത്തുമ്പോൾ ലഭിക്കുന്ന ഗുണങ്ങളാണിവയെല്ലാം.

വയനാട് ജില്ലയിൽ അമ്പലവയലിനടുത്ത് മാളികയിൽ കുന്നേൽ അജി തോമസാണ് കെട്ടിനാട്ടി രീതിയുടെ ഉപജ്ഞാതാവ്. വർഷങ്ങളായി നെൽകൃഷി ലാഭകരമാക്കാൻ അജി നടത്തിവന്ന പരീക്ഷണനിരീക്ഷണങ്ങളുടെ ഫലമാണ് ഈ കണ്ടുപിടിത്തം. വളം ഗുളികരൂപത്തിലാക്കി പെല്ലറ്റ് സാങ്കേതിക വിദ്യ അനുസരിച്ച് അതിൽ വിത്തുപാകി കിളിർ ത്ത ശേഷം നടുന്ന രീതിയാണിത്.

**കെട്ടിനാട്ടിയെ കുറിച്ച്:** നൂലൂകളിൽ പെല്ലറ്റുകൾ കെട്ടി അത് കൃഷിയിടത്തിൽ കൊണ്ടുചെന്ന് കൃത്യമായി കെട്ടി നടുന്നതിനാലാണ് 'കെട്ടിനാട്ടി' എന്ന് ഇതിന് പേരുവന്നത്. എന്നാൽ ഇത്തരത്തിലുള്ള പെല്ലറ്റുകൾ തയ്യാറാക്കുന്നതിനു കാലതാമസം വരുന്നതിനാൽ നൂലിൽ കെട്ടുന്ന രീതി അജി മാറ്റി ഇപ്പോൾ വിത്ത് വളത്തിൽ കെട്ടുക എന്ന അർത്ഥത്തിലാണ് കെട്ടിനാട്ടി എന്ന പേരുപയോഗിക്കുന്നത്. കെട്ടിനാട്ടി നിർമ്മിക്കുന്ന വിധം വളരെ ലളിതമാണ്. വളക്കൂട്ട്

തയ്യാറാക്കി റബർ ഹോളോമാറ്റിലോ പ്രത്യേകം തയ്യാറാക്കിയ ട്രേയിലോ ഒഴിച്ച ശേഷം വിത്തിടുന്ന ഒരു സുഷിരത്തിൽ 2-3 വിത്തിട്ടശേഷം മാറ്റാം. ഏഴാം ദിവസം മുതൽ നെല്ല് കിളിർത്തത് വയലിലേയ്ക്ക് മാറ്റി പ്രത്യേക അകലത്തിൽ പെറുക്കി വയ്ക്കുകയോ വേണ്ട.

**വളക്കൂട്ട്:** ഒരേക്കറിലുള്ള കെട്ടിനാട്ടി തയ്യാറാക്കാൻ 30 കിലോ ചാണകം വേണ്ടിവരും. ഇത് നന്നായിക്കുഴച്ച് ചപ്പുചവറുകൾ നീക്കം ചെയ്യുക. ഗുളിക രൂപത്തിലാക്കാൻ വേണ്ടി പശക്കായി കറ്റാർവാഴ ജ്യൂസോ ചെമ്പരത്തി താളിയോ ഉപയോഗിക്കാം. കറ്റാർവാഴയാണ് ഉപയോഗിക്കുന്നത് എങ്കിൽ ഒരു കിലോ ചതച്ച് 2 ദിവസം വെള്ളത്തിലിട്ടശേഷം പിഴിഞ്ഞു ചേർക്കണം. ചെമ്പരത്തിയാണെങ്കിൽ 10 കിലോ ഇടിച്ചുപിഴിഞ്ഞ് രണ്ടു ദിവസം വെള്ളത്തിലിട്ടശേഷം അരിച്ചു ചേർക്കണം. ഇതിനോടൊപ്പം സ്യൂഡോമോണസ്, വാം, പിജിപിആർ ഒന്ന് മിശ്രിതം ഇവയിൽ ഏതെങ്കിലുമോ ഉലുവയോ വെള്ളത്തിൽ ലയിപ്പിച്ചു ചേർക്കണം. ഇതിനോടൊപ്പം ഭക്ഷണാവശ്യങ്ങൾക്ക് ഉപയോഗിച്ച ശേഷമുള്ള പഴകിയ വെളിച്ചെണ്ണയും ചേർത്താൽ ഗുളിക വേഗം വേർപെട്ടുകിട്ടും.

## തയ്യാറാക്കുന്ന വിധം:

32 സുഷിരങ്ങളുള്ള മാറ്റിലോ ട്രേയിലോ ഒരു ദിവസം ഒരാൾക്ക് 64000 കെട്ടിനാട്ടികൾ നിർമ്മിക്കാൻ സാധിക്കും. ഒരേക്കറിലേയ്ക്ക് വേണ്ട പെല്ലറ്റ് ഒരു ദിവസം കൊണ്ട് ഒരാൾക്ക് തയ്യാറാക്കാം. കെട്ടിനാട്ടി രീതിയിൽ ചെയ്തിട്ട് ഇരട്ടിയിൽ അധികം വിളവ് അജിക്കു ലഭിച്ചു ഒരു ചുവട്ടിൽ നിന്നും സാധാരണ നെല്ലിൽ 27 കതിരും 30 ചിനപ്പുമുണ്ടാവുമ്പോൾ കെട്ടിനാട്ടി രീതിയിൽ 108 കതിരും 157 ചിനപ്പുമാണ് ഉണ്ടായത്. വയലിൽ കെട്ടിനാട്ടി സ്ഥാപിക്കാൻ തൊഴിലാളികളും കുറവുമതി. സാധാരണ ഒരേക്കറിൽ ഞാറുപറിക്കാൻ പത്തു പേരും നടാൻ പത്തുപേരും വേണ്ടപ്പോൾ കെട്ടിനാട്ടി രീതിയിൽ രണ്ടുപേർ. ഞാറ്റടി ഒരുക്കാനും മൂന്നുപേർ നടാനും മതിയാവും. സാധാരണ രീതിയിൽ ഒരേക്കറിലേക്ക് 30-35 കിലോ നെല്ലുവിത്ത് വേണ്ടിടത്ത് കെട്ടിനാട്ടിരീതിയിൽ 2 കിലോ കഷ്ടിച്ചുമതിയാകും. പക്ഷികൾ കൊത്തിക്കൊ ണ്ടു പോകുകയുമില്ല. കരനെൽക്കൃഷിക്കും ഈ രീതി ഉപയോഗിക്കാം.

**വിളവ് നേരത്തെ:** സാധാരണ പറിച്ചുനടൽ രീതിയിൽ ഞാറുനടുമ്പോഴുണ്ടാകുന്ന കാലതാമസം കെട്ടിനാട്ടി രീതിയിൽ ഉണ്ടാകാത്തതിനാൽ വിളവു നേരത്തെയാകും. നെല്ലിനു പ്രകാശാർത്ഥി സ്വഭാവം ഉണ്ടെന്നു അജി പറയുന്നു. സൂര്യപ്രകാശത്തിനു നേരെ നിൽക്കുന്ന ഞാറ് പറിച്ചു നടുമ്പോൾ അരംവരെ വളർന്ന രീതി മാറുന്നു. പിന്നീട് സൂര്യനു നേരെ നെല്ലു തിരിഞ്ഞുവരാൻ 14-21 ദിവസം വരെ എടുക്കും. കെട്ടിനാട്ടിയിൽ സൂചിക്ക പരുവത്തിൽ ഞാറുനടുന്നതിനാൽ ഈ കാലതാമസം ഒഴിവാക്കാം. പറിച്ചു നടുന്ന രീതിയിൽ നെല്ലുപറിച്ചുനടാൻ പാകമാകുന്നത് 27-ാം ദിവസമാണ്. എന്നാൽ കെട്ടിനാട്ടി രീതിയിൽ 7-ാം ദിവസം പറിച്ചുനടാം എന്നതിനാൽ 20 ദിവസം ഇവിടെയും ലാഭിക്കാം. ചുരുക്കത്തിൽ 30-40 ദിവസത്തെ അധിക വളർച്ച കെട്ടിനാട്ടി രീതിയിൽ നെല്ലിനു ലഭിക്കുന്നു. പാടത്തു നട്ട് ആദ്യ 50 ദിവസത്തിനുശേഷം 15 ദിവസം പാടത്ത് വെള്ളം കെട്ടി നിർത്തണം. ചിനപ്പ് അധികം പൊട്ടാതിരിക്കാനാണിത്. അരിവാൾ ഉപയോഗിച്ചുള്ള കൊയ്ത്ത് അസാധ്യമാക്കുന്ന രീതിയാണ്. ഓരോ ചുവട്ടിലും തിങ്ങി വളരുകയാണ് ചിനപ്പുകൾ

**ഫോൺ: 9497568460**



# റംബുട്ടാൻ തോട്ടങ്ങൾ കീഴടക്കാൻ സീസർ





**അ**ത്ഭുതം ജനിപ്പിക്കുന്ന റംബുട്ടാൻ പഴം പരിചയപ്പെടുത്താം എന്നുപറഞ്ഞാണ് ഒരു പഴയ ഗ്രാമീണ ഗവേഷകനായ ശ്രീ. അപ്രേംകുട്ടി കുര്യൻ എന്ന പാലാ കവിക്കുന്ന് സ്വദേശി എന്നെ റാന്നിക്കു സമീപം ഉതിമൂട്ടിലെ ശ്രീ. ജോയി ചേട്ടന്റെ അടുത്തേയ്ക്ക് കൊണ്ടുപോകുന്നത്. ജോയിചേട്ടൻ ആദ്യം കണ്ടപ്പോൾ ചോദിച്ച ചോദ്യം ഇന്നും നല്ല ഓർമ്മയുണ്ട്. 'ഒരു റംബുട്ടാൻ കായ്ക്ക് എന്തു വലിപ്പമുണ്ടാകും'

ശരാശരി 40 ഗ്രാമിൽ കൂടുതൽ വലുപ്പമുള്ള ഇനഭേദങ്ങൾ പോലും ഒരു കിലോ തൂക്കം കിട്ടണമെങ്കിൽ 18-20 എണ്ണം വേണ്ടിവരുമെന്നാണ് അവകാശപ്പെടുന്നത്. എന്നാൽ ശ്രീ. ജോയി പറയുന്നത് തന്റെ 'സീസർ' എന്നു പേര് നൽകിയ റംബുട്ടാൻ ഇനത്തിനു ഒരു കിലോ തൂക്കം കിട്ടാൻ 10 -12 കായ്കൾ മതിയാകും എന്നാണ്. വിശ്വസിക്കാൻ പറ്റുന്നില്ലേൽ ത്രാസുമായി വന്ന്

തൂക്കി കാണിച്ചുതരും ജോയിചേട്ടൻ. രുചിയും മധുരവും കൂടുതലുള്ള ഈ ഇനത്തിന് തൂക്കത്തിന് അനുപാതികമായി ഏറെ മാംസളമായ ഉൾഭാഗവും ഉണ്ട് എന്നുള്ളത് എടുത്തുപറയേണ്ട സവിശേഷതയാണ്.

'സീസറി'ന്റെ പിറവിയുടെ പിന്നാമ്പുറങ്ങളിലേയ്ക്ക് നമുക്കൊന്ന് കടന്നുചെല്ലാം. നമ്മുടെ നാട്ടിൽ റംബുട്ടാൻ, പുലാസൻ, മാംഗോസ്റ്റ്യൻ തുടങ്ങിയവ മലേഷ്യൻ ഫലവർഗ്ഗങ്ങൾ വ്യാപകമാക്കുന്നതിനു മുമ്പ് പുറംനാട്ടിൽ നിന്നു വന്ന ജോയിച്ചേട്ടന്റെ സഹോദരി റംബുട്ടാൻ പഴം കൊടുത്തു. മരങ്ങളെയും ഫലവർഗ്ഗങ്ങളെയും ഏറെ സ്നേഹിച്ചിരുന്ന ജോയിചേട്ടൻ ഇതിന്റെ കായ്കൾ തന്റെ മണ്ണിൽ പാകി. തന്റെ ശ്രദ്ധാപൂർവ്വമായ പരിചരണത്തിലൂടെ പിൽകാലത്ത് 5 മരങ്ങൾ ലഭിച്ചു. ഈ റംബുട്ടാൻ മരങ്ങളിൽ തന്റെ പരീക്ഷണത്തിലൂടെയാണ് സവിശേഷമായ ഈ കായ്കൾ കണ്ടെത്തിയതെന്ന് ശ്രീ. ജോയി പറയുന്നു.

മറ്റു നാലു മരങ്ങളിലും സാധാരണ വലുപ്പമുള്ള കായ്കൾ മാത്രം. വലുപ്പമേറിയ ഇനത്തിന്റെ ബഡ്സ് തൈകളുണ്ടാക്കി സ്വന്തം തോട്ടത്തിൽ നട്ടുവളർത്തുകയാണ്. അദ്ദേഹം ആദ്യം ചെയ്തത്. മാതൃവൃക്ഷത്തിന്റെ സവിശേഷത തിരിച്ചറിയുന്നവർ ബഡ്സ്കമ്പ് മോഷ്ടിക്കാതിരിക്കാൻ അതിൽ കായ് പിടിക്കാൻ അനുവദിച്ചിരുന്നുമില്ല. ബഡ്സ് ചെയ്തുണ്ടാക്കിയ 14 തൈകളും അടുത്തകാലത്ത് ഫലം നൽകിത്തുടങ്ങി. ഈ അടുത്തസമയത്ത്, കൃത്യമായി പറഞ്ഞാൽ 2018 ലെ മഹാപ്രളയം റാന്നി, പത്തനംതിട്ട പ്രദേശങ്ങളെ വിഴുങ്ങിയപ്പോൾ ജോയി ചേട്ടന് മാതൃവൃക്ഷം നഷ്ടമായി, എങ്കിലും, ആവശ്യക്കാർക്കു മിതമായ തോതിലെങ്കിലും തൈകൾ ഉല്പാദിപ്പിച്ചു നൽകാൻ കഴിഞ്ഞു എന്ന ആത്മവിശ്വാസത്തിൽ 'സീസർ' എന്ന റംബുട്ടാൻ ഇനത്തെ കാർഷിക കേരളത്തിനു പരിചയപ്പെടുത്തുകയാണ് ശ്രീ. ജോയി. വലിപ്പവും മധുരവും മാംസളഭാഗവും കൂടുതലുള്ള ഇനമെന്ന നിലയിൽ സീസറിന് വലിയ ഭാവിയുണ്ടെന്നാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ.

**ഫോൺ: 9744560489, 8281248538**

## ജാപ്പി പൊടി

**മല്ലി, ഉലുവ, ജീരകം, ഏലക്ക, ചുക്ക് എന്നീ സുഗന്ധവ്യഞ്ജനങ്ങൾ മൺചട്ടിയിൽ വറുത്ത് പൊടിച്ച് തഴുതാമ, കീഴാർനെല്ലി, തുളസി, തുമ്പ, മണി തക്കാളി, ദശപുഷ്പങ്ങൾ (ഉഴിഞ്ഞ, ചെറുള, കറുക, നീലപ്പന, വിഷ്ണുക്രാന്തി, മുയൽചെവി, കയ്യൂന്നി, തിരുതാളി, പൂവൻ കുറുന്തല, മുക്കുറ്റി) ഇത് ഒക്കെ തണലിൽവച്ച് ഉണക്കി പൊടിച്ച് 100 ഗ്രാം വീതം ജാപ്പിയിൽ ചേർക്കും. ദശപുഷ്പങ്ങളുടെ പൊടി ക്യാൻസറിന് സിദ്ധൗഷധമാണ്. ചായയ്ക്കും കാപ്പിക്കും പകരം ഉപയോഗിക്കാം. ഇത് രക്തശുദ്ധി വരുത്തുന്നു. വെള്ളത്തിൽ ശർക്കരയോ കരിപെട്ടി ശർക്കരയോ ഇട്ട് അതിനകത്തുള്ള ചെറിയ 3 സ്പൂൺ ജാപ്പി പൊടി ഇട്ട് തിളക്കുമ്പോൾ ഇറക്കി വയ്ക്കുക. തേങ്ങാ പാൽ ഉപയോഗിക്കുന്നത് രുചികൂട്ടും.**

**കുട്ടികൾക്ക് നല്ല രോഗപ്രതിരോധ ശക്തി ഉണ്ടാകും. ഗർഭിണികൾ ആദ്യമാസം മുതൽ രാവിലെയും വൈകുന്നേരവും ഇത് കഴിക്കുന്നത് നല്ല ബുദ്ധിയും മുടിയും ഉള്ള കുഞ്ഞുങ്ങൾ ഉണ്ടാകുന്നതിന് സഹായകമാണ്. ആർത്തവ വയറുവേദന, സ്ട്രോക്ക്, അസ്ഥിസ്രാവം എന്നിവയ്ക്ക് ജാപ്പി ഉപയോഗിക്കാം. ഉണക്കലരി കഞ്ഞി വെച്ചിട്ട് ഇന്തുപ്പ് ചേർത്ത് ജാപ്പി പൊടി ഇട്ട് തേങ്ങാ ചിരവിയിട്ട് കർഷക കഞ്ഞി തയ്യാറാക്കാം. ആരോഗ്യരക്ഷയ്ക്ക് നല്ലതാണ്.**

# കൈരളി കുരുമുളക് ഇനം

## (കൈരളി 999)



**സാ**ധാരണരീതിയിൽ കൃഷിയിൽ നൂതനകണ്ടെത്തലുകൾ നടത്തുന്നവരെ കുറച്ചു കാലത്തേക്കെങ്കിലും സമൂഹം വിലമതിക്കാറില്ല. 'മുറ്റത്തെ മുല്ലയ്ക്ക് മണമില്ല' എന്ന പഴഞ്ചൊലിനെ അർത്ഥവത്താക്കുന്ന രീതിയിലാണ്. ഇവരെ അടുത്തറിയാവുന്നവരുടെ പോലും പെരുമാറ്റം, എന്നാൽ വേറിട്ട വഴികളിലൂടെ സഞ്ചരിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനും അവർക്കുവേണ്ട പിന്തുണ നൽകാനും ശ്രമിക്കുന്ന വ്യക്തിത്വങ്ങളുമുണ്ട്. ശ്രീ. വക്കച്ചൻ അടുപ്പുകല്ലുങ്കൽ, ശ്രീ. അപ്രേംകുട്ടി കുര്യൻ, ശ്രീ. ജോർജ് വടകര, ശ്രീ. ജോസ് കൊച്ചുകുടി, ശ്രീ. എൻ.ജെ. തോമസ് എന്നിവർ ഇവരിൽ ചിലർ മാത്രം.

ഇവരിൽ പഴയ ഗ്രാമീണ ഗവേഷകനും അവാർഡ് ജേതാവുമായ ശ്രീ. വക്കച്ചൻ അടുപ്പുകല്ലുങ്കൽ എന്ന കോരുത്തോട് സ്വദേശി ഒരിക്കൽ എന്നെ വിളിച്ചത് ഞാനിപ്പോഴും ഓർക്കുന്നു. കോട്ടയം പുഞ്ചവയൽ സ്വദേശിയായ പള്ളിക്കുന്നേൽ പി. കെ. കുഞ്ഞൂഞ്ഞി പുതിയൊരിനം കുരുമുളക് നമ്മുടെ നാട്ടിൻപുറത്തുതന്നെ കണ്ടെത്തിയിരിക്കുന്നു. തന്റെ കൃഷിയിടത്തിൽ പ്രത്യേകിച്ച് കുറ്റി കുരുമുളകിന് ഏറ്റവും പറ്റിയ ഇനമായി. 'കൈരളി 999' ഇനത്തെ പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കണ്ടെത്തൽ വിഭാഗത്തിലേയ്ക്ക് ശുപാർശ ചെയ്യുന്നു എന്നദ്ദേഹം അറിയിച്ചു.

പതിനാലു വർഷത്തെ പരീക്ഷണ നിരീക്ഷണത്തിലൂടെയാണ് ശ്രീ. കുഞ്ഞൂഞ്ഞ് കൈരളി കുരുമുളക് ഇനത്തെ





വികസിപ്പിച്ചെടുത്തത്, കാർഷിക സർവ്വകലാശാലയിൽ 1984ൽ നടന്ന കുരുമുളക് കൃഷിയെ സംബന്ധിച്ചും അതിന്റെ പരാഗണ ഗ്രാഫ്റ്റിംഗ് രീതികളെപ്പറ്റിയും നടന്ന ഒരു പഠന ക്യാമ്പിൽ ഇദ്ദേഹം പങ്കെടുക്കാനിടയായി. എന്തുകൊണ്ട് ഇത് സ്വന്തം സ്ഥലത്ത് നടത്തിക്കൂടായെന്ന ചിന്ത അദ്ദേഹത്തിനു തോന്നി. കുരുമുളകിനു വലുപ്പം കൂടുതലുള്ളതും ദ്രുതവാട്ടം താരതമ്യേന കുറവുള്ളതും വലിയ ഇലകൾ ഉള്ളതുമായ മരം, പെടത്തി ഇനവും ചരടിനു നീളം കൂടുതൽ ഉള്ളതും ചെറിയ ഇല

കളും കടുംപച്ച നിറവും കേടുകുറവുള്ളതുമായ നീലമുണ്ടി അഥവാ ജീരകമുണ്ട ഇനത്തിൽ പിടിച്ചുകിട്ടിയ പല ചെടികളിൽ നിന്നും 1999ൽ പിറവിയെടുന്ന കുരുമുളകിനത്തിനു കുഞ്ഞൂഞ്ഞുചേട്ടൻ 'കൈരളി 999' എന്നുപേരുനൽകി. പിന്നീട് ഈ ഇനം തന്റെ പരീക്ഷണനിരീക്ഷണത്തിന്റെ വൻവിജയമായി മാറി.

ഇതിനോടകം 500 ഓളം ആളുകൾക്ക് കുരുമുളക് തൈകൾ വിതരണം ചെയ്തു. ചെറിയ ഇലകളുള്ള കുരുമുളകു ചെടിക്കു 30 അടി വരെ ഉയരത്തിൽ മരത്തിനു പടർപ്പ് ഉണ്ട്. ഈ ചെടികളിൽ നിന്ന് ശ്രീ. കുഞ്ഞൂഞ്ഞ് അഞ്ചു കിലോ വീതം വിളവെടുത്തു. 150-ഓളം ചെടികൾ അദ്ദേഹം വളർത്തിയെടുക്കുന്നു. ഒൻപതുമാസമാണ് കുരുമുളകിന്റെ വളർച്ച. മറ്റു ചെടികളെ അപേക്ഷിച്ച് 15 ദിവസം മുമ്പുതന്നെ ചരട് ഇടുകയും മറ്റ് കൊടികളുടെ വിളവെടുപ്പിനുശേഷം ഒരു മാസത്തിനു ശേഷം വിളഞ്ഞ് പഴുക്കുകയും ചെയ്യുന്നുവെന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത എന്ന് അദ്ദേഹം പറയുന്നു.

**ഫോൺ: 9526326956**

**ചെമ്പരത്തി പൂ ജാപ്പൊടി**

ചെമ്പരത്തി പൂവ് ഉണക്കി പൊടിച്ചതും കൃഷ്ണതുളസിയും ഏലക്കായും ചുക്കും ചേർത്ത് ഉണ്ടാക്കാം. ഗർഭാശയ രോഗങ്ങൾക്ക് നല്ലതാണ്.


**തവിട് ജാപ്പി പൊടി**


അരി തവിട്, ചുക്ക്, കുരുമുളക്, ഏലക്ക എന്നിവ ചേർത്താണ് ഇത് ഉണ്ടാക്കുന്നത്. ഒരു ഗ്ലാസ് വെള്ളത്തിൽ കരിപ്പെട്ടി ശർക്കര ചേർത്ത് തവിട് ജാപ്പി പൊടി ഇട്ട് വെള്ളം തിളയ്ക്കുമ്പോൾ അരിച്ചെടുത്ത് കുടിക്കുക.

**മംഗല്യ ഫെയ്സ് പാക്ക്**

കസ്തൂരി മഞ്ഞൾ രക്ത ചന്ദനം, മുൾട്ടാണി മിട്ടി, തുളസി, പേരയില, നാൽപ്പാമരപാടി എന്നിവ ചേർത്താണ് ഇത് ഉണ്ടാക്കുന്നത്. തേങ്ങാപ്പാലിലോ, മൃഗപ്പാലിലോ പനിനീരിലോ മുഖത്തോ ശരീരം മുഴുവനായോ തേച്ച് പിടിപ്പിക്കാം. കരിമംഗല്യം പോകും. ത്വക്ക് മൃദുവായിരിക്കും.

*അറിവുകൾ അയച്ചുതന്നത്: മിനി ഉതുപ്പ്, വയനാട്*
*ഫോൺ: 9048943678, 8304092078*



# ഗംഭീരം 'ഫാബ്' ജാതിയിനവുമായി

സുമിത്ത് എം.എസ്

**മാ**ങ്ങപോലെയുള്ള ജാതിക്ക, ഇലക്ട്രിക് ബൾബിന്റെ ആകൃതി എന്നും പറയാം. അല്ലെങ്കിൽ മഴത്തുള്ളിയോട് സാദൃശ്യം തോന്നാം അതാണ് അടിമാലിക്കടുത്ത്. ആനവിരട്ടിയിലെ 'ഫാബ്' ഇനം ജാതിക്ക ഓരോകായ്ക്കും ശരാശരി 80 ഗ്രാം തൂക്കം. വിപണിയിലെത്തിച്ചാലോ ഒരു കിലോ നിറയാൻ 65-75 ജാതിക്കുരു മതിയാകും. ജാതിപത്രിയാണെങ്കിൽ കേവലം 250 -300 എണ്ണം മതിയാകും. ജാതിക്കായുടെ വലിപ്പം മാത്രമല്ല പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള കരുത്തും 'ഫാബ്' ഇനത്തിനു കൂടുതലാണ്.

തന്റെ അച്ഛൻ നട്ടുവളർത്തിയ ജാതികളിലൊന്നിൽ വിളഞ്ഞ ജാതിക്കായുടെ അസാധാരണമായ വലിപ്പവും ആകൃതിയിലെ വ്യത്യാസവും ശ്രദ്ധിച്ച സുമിത്ത് 30 വർഷങ്ങൾക്കുമുമ്പ് വെറും കൗതുകത്തിനായി ഈ ചെടിയുടെ കായ്കൾ പാകി ആ കായ്കളിൽ നിന്നുണ്ടായ തൈകൾ പറമ്പിലെ പല ഭാഗത്തുവച്ചെങ്കിലും അവയിൽ ഒന്നുമാത്രമാണ് പിന്നീട് വ്യത്യസ്തമായ കായ്കൾ നൽകിയത്. ഓരോ മരത്തിൽ നിന്നും ലഭിച്ച ജാതിക്കായ്കളിൽ ഒന്നുമാത്രം വ്യത്യസ്തത പുലർത്തിയതും അത് ഒരു സവിശേഷ ഇനമായി ഉരുത്തിരിഞ്ഞതും ജാതികർഷകരുടെ ഇടയിൽ 'ഫാബ്' ഇനം ജാതി അതിഗംഭീരം എന്ന വിശേഷിപ്പിക്കപ്പെടുന്നതും ഭൂമിദേവിയുടെ കൃപാകടാക്ഷം തന്റെ മണ്ണിൽ ആവോളം ഉള്ളതുകൊണ്ടാണെന്നാണ് സുമിത്ത് കരുതുന്നത്. തൈകളിൽ മാതൃസസ്യത്തിന്റെ മുകുളം ബഡ്ഡ് ചെയ്താണ് ഫാബ് ഇനത്തിന്റെ എണ്ണം ഇദ്ദേഹം വർദ്ധിപ്പിച്ചത്. വേനലിൽ കൃത്യമായ നനയും മഴക്കാലങ്ങളിൽ ജൈവവള പ്രയോഗവും നൽകി ഈ വരദാനത്തെ സുമിത്ത് സംരക്ഷിക്കുന്നു.


വ്യത്യസ്തമായ ഇനം ജാതിയെക്കുറിച്ചറിഞ്ഞ് കൂടുതൽ ആവശ്യക്കാർ എത്തിയപ്പോഴാണ് സുമിത്ത് നഴ്സറിയെക്കുറിച്ച് ചിന്തിച്ചത്. പരിമിതമായ തോതിൽ മാത്രം തൈകൾ ഉണ്ടാക്കി നൽകുന്നതിനാൽ തൈകൾ മുൻകൂട്ടി ബുക്ക്ചെയ്യേണ്ടതാണ്. ഈ തൈകളിൽ രണ്ടാം വർഷം മുതൽ കായ്കൾ പിടിക്കുമെന്നാണ് ഈ ഇനത്തിന്റെ മറ്റൊരു സവിശേഷതയായി സുമിത്ത് പറയുന്നത്.

**ഫോൺ: 9400679903**



'കണ്ണിന് പൊൻആരണം നാവിന് മൂട്ടിമധുരം'

# കാട്ടിലെ മൂട്ടിപ്പഴത്തെ വീട്ടിൽ എത്തിച്ചപ്പോൾ 'മൂട്ടിമധുരം'





**പ**ശ്ചിമഘട്ട വനങ്ങളിൽ കാണപ്പെടുന്ന മൂട്ടിപ്പഴത്തെ തന്റെ സഹോദരന്റെ കൈകളിലൂടെ ബേബി ചേട്ടൻ 30 വർഷങ്ങൾക്കുമുമ്പ് മലേക്കുടിയിലെ വീട്ടുമുറ്റത്ത് എത്തിച്ചപ്പോൾ കയ്പും പുളിയും നിറഞ്ഞഫലം ആയിരിക്കും ലഭിക്കുക എന്ന് എല്ലാവരും കരുതി. പക്ഷേ, 30 വർഷങ്ങൾക്കുശേഷം തന്റെ പരീക്ഷണ നിരീക്ഷണത്തിലൂടെ മൂട്ടിപ്പഴത്തിന് മധുരം.

നാട്ടിലെങ്ങും വിദേശ പഴവർഗ്ഗങ്ങളുടെ സുനാമിയാണ്. മലേഷ്യയിലും വിയറ്റ്നാമിലും തായ്‌ലന്റിലുമൊക്കെ വളരുന്ന ദുരിയാനും, പുലസാനും, ഡ്രാഗൺ ഫ്രൂട്ടുമൊക്കെ യാണ് ഇപ്പോൾ മലയാള നാട്ടിലെ മധുരം. എന്നാൽ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ വണ്ണപ്പുറം കരയിൽ ശ്രീ. ബേബി ജോർജിനെ വ്യത്യസ്തനാക്കുന്നത് നമ്മുടെ നാടിന്റേതായ ഒരു കാട്ടുപഴത്തിന് ഭാവി കണ്ടെത്താൻ കഴിയുന്നു എന്നതിലാണ്.

കണ്ണിന് രസം പകരുന്ന രീതിയിൽ തടിയോടു ചേർന്നു ചുവപ്പുനിറത്തിൽ കുലകളായുണ്ടാകുന്ന ഈ പഴങ്ങൾ ഒറ്റ നോട്ടത്തിൽ ആരുടെയും മനം കവരുന്നവയാണ്. പുറന്തോടിനുള്ളിലെ മാംസളമായ ഭാഗം ഭക്ഷിക്കാം. ഏറ്റവും ഉള്ളിലായാണ് കായ് ഉള്ളത്. കാഴ്ചയ്ക്കു മാത്രമല്ല ആരോഗ്യത്തിനും അത്യുത്തമമാണിത്. ആദിവാസി

കൾ ഉദരരോഗങ്ങൾക്കും ത്വക്ക്രോഗങ്ങൾക്കും ഉള്ള ചികിത്സയിൽ മൂട്ടിപ്പഴം ഉപയോഗിക്കാറുണ്ട്. കൊളസ്ട്രോൾ കുറയ്ക്കാൻ കഴിയുന്ന ഘടകങ്ങൾ ഇതിലുള്ളതായി അടുത്ത കാലത്ത് നടന്ന ചില ശാസ്ത്രീയപഠനങ്ങളിലൂടെ കണ്ടെത്തി. ഇവയുടെ ശാസ്ത്രനാമം ബെക്കുറ കുറ്റാലലെൻസിസ് എന്നാണ്.

കുരങ്ങ്, ആന, മാൻ, കരടി തുടങ്ങിയ കാട്ടുമൃഗങ്ങൾക്ക് ഇവ ഏറെ പ്രിയപ്പെട്ടതാണ്. പഴങ്ങൾ പാകമായാൽ ഈ മൃഗങ്ങൾ കാട്ടിലെ മൂട്ടിമരങ്ങൾക്ക് സമീപം തന്നെ കാണുമത്രേ. മൂട്ടിപ്പഴത്തിന് പൊതുവേ പുളികലർന്ന മധുരരസമാണുള്ളത്. ചെറിയ കയ്പുള്ള ഇനവും ഉണ്ട്. ഇതിന് ഔഷധഗുണം കൂടുതലുണ്ട്. എന്നാൽ തന്റെ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ബേബി ചേട്ടൻ വികസിപ്പിച്ചെടുത്ത മുന്തിരിമൂട്ടിക്ക് മധുരം ആണ്.

വീടിന്റെ അടുത്തുള്ള റബർ തോട്ടത്തിൽ മൂട്ടിമരത്തിന്റെ 150 തൈകളാണ് ബേബി നട്ടിരിക്കുന്നത്. പോഷക സമൃദ്ധമായ ഈ പഴങ്ങൾ സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും വളരെ ശ്രദ്ധാലുവാണ് ഇദ്ദേഹം. തനിക്ക് നല്ലൊരു വരുമാന മാർഗ്ഗം കൂടിയാണ് ഈ പഴവർഗ്ഗം ബേബി ചേട്ടൻ കണ്ടെത്തിയ മുന്തിരിമൂട്ടി നാലാം വർഷം പൂവിടുന്നതും ഇതിന്റെ മറ്റൊരു സവിശേഷതയാണ്.

പരമാവധി 15 മീറ്റർ ഉയരത്തിൽ കാടുകൾക്ക് ഉള്ളിൽ അടിക്കാടായി ആണ് മൂട്ടിമരങ്ങൾ കാണപ്പെടുന്നത്. ഫെബ്രുവരിയിൽ പുഷ്പിച്ച് ജൂൺ-ജൂലൈ മാസങ്ങളിൽ പഴം വിളവെടുപ്പിനു പാകമാകും. ആൺമരങ്ങളുടെ സാന്നിധ്യമുണ്ടെങ്കിൽ മാത്രമേ പെൺമരങ്ങളിൽ കായ് പിടിക്കാറുള്ളൂ. അതുകൊണ്ട് തന്നെ നടുമ്പോൾ പെൺമരങ്ങൾക്ക് ഒപ്പം ആൺമരങ്ങളുമുണ്ടെന്ന് ഉറപ്പാക്കണം. വളരെ മനോഹരമായി കായ്ച്ചുകിടക്കുന്ന ഈ പഴങ്ങൾ ഫാം ടൂറിസത്തിന് മാറ്റുകൂട്ടുന്നു.

**ഫോൺ: 8075910944**




## കത്തുകൾ

ഇനി കർഷകൻ സംസാരിക്കട്ടെ എന്ന മാഗസിൻ വായിച്ചു. സീയാൻമുണ്ടി കുരുമുളക് ഇനം കണ്ടുപിടിച്ച പി.ജി. ജോർജാണ്. ജലത്തിലൂടെ കുരുമുളകിന്റെ പരാഗണം സാധ്യമാകും എന്ന് ഞാൻ പറഞ്ഞത് പ്രസിദ്ധീകരിച്ചത് കണ്ടു, ഒത്തിരിയേറെ സന്തോഷവും നന്ദിയുമുണ്ട്. ഒരുപാട് ആളുകളോട് പറഞ്ഞിട്ട് അംഗീകരിക്കാനാവാത്ത കാര്യമാണ് ഈ മാഗസിൻ പ്രസിദ്ധീകരിച്ചത്. മുഖ്യലേഖകനായ അച്ചനോടും, സെബിൻ സാറിനോടും ഒരുപാട് നന്ദി.

**പി.ജി. ജോർജ്, പുളിയൻമല, വെണ്മണി, ഇടുക്കി**

ഇനി കർഷകൻ സംസാരിക്കട്ടെ എന്ന മാഗസിൻ കിട്ടി. നല്ല അഭിപ്രായമാണ്. ഉൾപേജുകൾ കളറാക്കിയാൽ നന്നായിരിക്കുമെന്ന് ഒരു അഭിപ്രായമുണ്ട്. കഞ്ഞിക്കുഴി പയറിന്റെ സുഭകേശനെ എനിക്ക് അറിയാവുന്ന ആളാണ്. പിന്നെ എഴുതിയ ആളുകളുടെ പേരിനൊപ്പം ഫോൺ നമ്പർ കൂടി എഴുതിയാൽ നന്നായിരിക്കുമെന്നു തോന്നുന്നു. പുതിയ വിത്തിനെക്കുറിച്ചും സസ്യങ്ങളെക്കുറിച്ചും നേരിട്ട് അവരുമായി സംസാരിക്കാൻ സാധിക്കുമല്ലോ. എല്ലാ ആശംസകളും നേർന്നുകൊണ്ട്

**രാജേഷ് കാരപ്പള്ളിൽ**
**ചങ്ങനാശ്ശേരി**

ഇനി കർഷകൻ സംസാരിക്കട്ടെ എന്ന മാഗസിന്റെ ഒരു പഴയകാല വായനക്കാരനാണ് ഞാൻ. പ്രത്യേകിച്ച് പി.ഡി.എസിൽ ജോലി ചെയ്തുകൊണ്ടിരുന്ന സമയം. കുറച്ചുനാളുകൾക്കുശേഷം ഈ മാഗസിൻ വായിക്കാൻ ഇടവന്നതിന് നന്ദി പറയുന്നു. മാത്രമല്ല, ഒരു സാധാരണക്കാരന്റെ ഭാഷയിൽ സാധാരണ രീതിയിലുള്ള ഈ മാഗസിനിൽ ।। കണ്ടുപിടുത്തങ്ങളെകുറിച്ച് അറിയാൻ കഴിഞ്ഞതിൽ സന്തോഷവാനാണ്. നന്ദി.

**ഡോ. സിജു റ്റി. നായർ**
**റബർബോർഡ്, കോട്ടയം**

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ. നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ് നമ്മുടെ മാഗസിന്റെ വളർച്ച.

അറിയിക്കേണ്ട നമ്പർ: **സ്റ്റെബിൻ കെ. സെബാസ്റ്റ്യൻ - 9497682177**




# PAMPAVALLEY HYBRID ARECANUT (PHA)

**കാ**ർഷികമേഖല അനുദിനം തകർച്ച നേരിടുന്ന ഇക്കാലത്ത് കർഷകർ തങ്ങളുടെ അനുഭവജ്ഞാനവും പ്രയത്നവും വഴി യാഥാർത്ഥ്യമാക്കുന്ന ആശയങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് സമൂഹത്തിന്റെ കടമയാണ്.

കാർഷികരംഗത്ത് സ്വന്തമായ ആശയങ്ങൾ പരീക്ഷിക്കുന്ന പമ്പാവാലി ആലപ്പാട്ട് വീട്ടിൽ റോയിസ് വർഗീസിന്റെ ദീർഘകാല ഗവേഷണഫലമായി പമ്പാവാലി ഹൈബ്രിട്ട് അരിക്കിനട്ട് മറ്റുകർഷകർക്കും പ്രയോജനകരമാകണമെന്ന് ഈ കർഷകൻ ആഗ്രഹിക്കുന്നു. കാർഷികരംഗം സ്തംഭനാവസ്ഥയിലായിരിക്കുന്ന ഈ കാലഘട്ടത്തിൽ കർഷകരുടെ കൊച്ചുകൊച്ചു കണ്ടുപിടുത്തങ്ങൾ കാർഷിക മേഖലയ്ക്ക് ഉണർവും മറ്റു കർഷകർക്ക് പ്രചോദനവും പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

## പമ്പാവാലി ഹൈബ്രിഡ് അരക്കനട്ട് (PHA) ചരിത്രം

അത്യുല്പാദന ശേഷി കൂടിയ കവുങ്ങിനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അവയ്ക്ക് രോഗപ്രതിരോധശേഷി കുറവാണ് എന്നത്. എന്നാൽ ഇത്തരം കവുങ്ങുകൾ കൃഷിചെയ്ത് അധികകാലം വിളവെടുക്കാതെ രോഗം ബാധിച്ചു നശിച്ചപ്പോൾ റോയ്സ് സ്വയം പരീക്ഷിച്ചു വിജയിച്ച മാർഗ്ഗമാണ് പമ്പാവാലി ഹൈബ്രിഡ് അരക്കനട്ട് എന്ന കവുങ്ങ്. ഉത്പാദനശേഷി കൂടിയ മംഗളം കാസർകോടൻ ഇനങ്ങളും രോഗപ്രതിരോധ ശേഷി കൂടിയ നാടൻ കവുങ്ങുകളും പ്രകൃത്യാ സമന്വയിപ്പിക്കുക എന്ന രീതിയാണ് റോയ്സ് അവലംബിച്ചത്. ഇതിനായി വിവിധയിനം കവുങ്ങുകൾ ഒരുമിച്ചു വളർത്തി നാടൻകവുങ്ങിലെ ആൺപൂക്കളെ ഓരോതവണയും നശിപ്പിച്ചുകളയുകയാണ് ചെയ്തത്.

ഈ പരീക്ഷണത്തിനായി റോയ്സ് ചിലവഴിച്ചത് നീണ്ട പന്ത്രണ്ടു വർഷങ്ങളാണ്. ഒടുവിൽ നാടൻ കവുങ്ങുകളിൽ ഇട തൂർന്ന കുലകളിൽ വലിപ്പവും ഭാരവും കൂടിയ അടക്കകൾ കണ്ടുതുടങ്ങി, അങ്ങനെ ലഭിച്ച അടക്കകൾ വിത്തിനായി ഉപയോഗിച്ച് വികസിപ്പിച്ചെടുത്ത ഇനമാണ് Pampavalley Hybrid Arecanut (PHA). പന (PALM) വർഗ്ഗത്തിൽ പെട്ട കവുങ്ങുകളിൽ ഒരേ വൃക്ഷത്തിലെ ആൺ പെൺ പൂക്കൾ പരാഗണം നടത്തുന്ന സ്വപരാഗണം എന്ന രീതിയാണ് നടക്കുന്നത്. എന്നാൽ വ്യത്യസ്ത ഇനം വൃക്ഷങ്ങളിലെ ആൺ പെൺ പൂക്കൾ പരാഗണം നടത്തുന്ന പരപരാഗണം എന്ന രീതിയാണ് പരീക്ഷിച്ചതും ഒടുവിൽ വിജയിച്ചതും.

**Pampavalley Hybrid Arecanut (PHA)**

**സവിശേഷതകൾ**

1. **ചുരുങ്ങിയ കാലയളവിൽ ഏകദേശം മൂന്നുനാലു വർഷത്തിൽ കായ്ഫലം നൽകി തുടങ്ങുന്നു.**
2. **വലിപ്പവും ഭാരവും കൂടിയ അടക്കകൾ ഒരു കിലോയ്ക്ക് ശരാശരി പതിനെട്ടു പഴുക്കകൾ മതിയാകും.**
3. **കൊട്ടപ്പാക്ക് ശരാശരി അമ്പതെണ്ണം ഒരു കിലോ ഭാരം ലഭിക്കുന്നു.**
4. **അമ്പതു ശതമാനം വരെ തണലുള്ള കൃഷിയിടങ്ങളിലും സമൃദ്ധമായി വളരുന്നു.**
5. **ഉയർന്ന രോഗപ്രതിരോധ ശേഷി**
6. **മറ്റു കവുങ്ങിനങ്ങൾ വിളവ് നൽകാത്ത ഏപ്രിൽ ജൂൺ മാസങ്ങളിൽ പഴുക്കകൾ ലഭിക്കുമെന്നതിനാൽ ഉയർന്ന വിപണിമൂല്യം.**
7. **മറ്റു കവുങ്ങിനങ്ങൾ വർഷത്തിൽ ശരാശരി നാലോ അഞ്ചോ കുലകൾ നൽകുമ്പോൾ ഇതിൽ അഞ്ചെട്ടുകുലകൾ വരെ ലഭിക്കുന്നു.**
8. **പാളകൾ വളരെ അടുത്തടുത്തു ഉണ്ടാകുന്നതിനാൽ ഈയിനം കവുങ്ങുകൾ അധികം ഉയരം വെയ്ക്കാറില്ല. വിളവെടുപ്പ് സുഗമമാക്കുന്നു.**
9. **ഉയർന്ന ഉൽപാദന ക്ഷമത; ഇടതൂർന്ന കുലയിൽ സാധാരണയായി ഇരുന്നൂറുമുതൽ മുന്നൂറുവരെ അടക്കകൾ ഉണ്ടാകുന്നു.**
10. **ഉയർന്ന തൂക്കം: രണ്ടര കിലോ പഴുക്ക പൊളിച്ചെടുത്താൽ ഒരു കിലോയോളം കൊട്ടപ്പാക്ക് ലഭിക്കുന്നു.**
11. **അടക്കകൾ പഴുത്താലും കൊഴിഞ്ഞു വീഴാറില്ല. എന്നതിനാൽ വിളനഷ്ടം ഉണ്ടാകുന്നില്ല.**
12. **മറ്റു കവുങ്ങുകൾ അനുയോജ്യമല്ലാത്ത ജലാംശം കൂടിയ ചതുപ്പുനിലകളിൽ പോലും സമൃദ്ധമായി വളരുന്നു.**


## PHA താരതമ്യപഠനം

| | **പിഎച്ച്എ** | കാസർഗോടൻ | മംഗള | നാടൻ |
|---|---|---|---|---|
| തൂക്കം (പഴുക്ക) | 20 ഗ്രാം | 13 ഗ്രാം | 10 ഗ്രാം | 7.6 ഗ്രാം |
| എണ്ണം (കൊട്ടപ്പാക്ക് ഒരുകിലോയ്ക്ക്) | 50 | 77 | 100 | 132 |
| ഉണക്കുവാശി | 2.5-1 കിലോ | 3.5-1കിലോ | 3.7-1 കിലോ | 4-1 കിലോ |
| വളർച്ചകാലം (വർഷം) | 3-4 | 4-5 | 4-5 | 4-6 |
| രോഗപ്രതിരോധശേഷി | 90% | 50-60% | 50-60% | 90% |

ആയുർദൈർഘ്യം - ഉൽപാദനശേഷി കൂടിയ മറ്റിനങ്ങൾ

**ഫോൺ 9446631992**





# അനായാസം ഉപയോഗിക്കാവുന്ന Vegetable pots shift trolley, Pots stand

ശ്രീ. ജോഷി ജോസഫ്.

**കോ**ട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ കുറുമണ്ണിൽ ജനിച്ച ശ്രീ. ജോഷി ജോസഫ് ചെറുപ്പകാലം മുതൽ തന്റെ മാതാപിതാക്കളുടെ പാത പിൻതുടർന്ന് കൃഷിയിൽ തത്പരനായിരുന്നു. അതിൽ എടുത്തുപറയേണ്ടത് സാധാരണഗതിയിൽ വിത്തുകളോ ചെടികളോ വളർന്നുവരുവാൻ ബുദ്ധിമുട്ട് നേരിടുന്ന സ്ഥലങ്ങളിൽ അതായത് ചെടികൾ കിളർക്കുന്ന പാറപ്പുറങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന പാഴ്‌വസ്തുക്കൾ തുടങ്ങിയവയിലൊക്കെ എന്തെങ്കിലും നട്ടുവളർത്തുക അതിൽ കായ്ഫലം ഉണ്ടാക്കിയെടുക്കുക എന്നുള്ളത് തന്റെ ചെറുപ്പകാലത്ത് ഒരുപാട് സന്തോഷം നൽകിയിരുന്നതായി ജോഷിചേട്ടൻ ഇന്നും ഓർമ്മിക്കുന്നു. സ്കൂൾ പഠനകാലത്ത് ഒരു പ്രവൃത്തി പരിചയമേളയിൽ തന്റെ ഈ കഴിവിനെ തിരിച്ചറിഞ്ഞ അന്നത്തെ സ്കൂൾ ഹെഡ്മാസ്റ്റർ തന്നെ വിളിച്ച് ഒരു സമ്മാനം തന്നതായിരുന്നു തന്റെ ആദ്യത്തെ ഏറ്റവും വലിയ അവാർഡ് എന്ന് ശ്രീ. ജോഷി സ്മരിക്കുന്നു.

## VEGETABLE POTS SHIFT TROLLEY

മാർക്കറ്റിൽ ഇന്ന് ലഭിക്കുന്ന പലവിധ ട്രോളികളിൽ നിന്ന് വ്യത്യസ്തമായി രൂപകല്പന ചെയ്തിരിക്കുന്നതാണ് വെജിറ്റബിൾ പോട്ട് ഷിഫ്റ്റ് ട്രോളി. സാധാരണ ട്രോളികളിൽ വീലുകൾ ഫ്ളാറ്റ്ഫോമിന്റെ നടുഭാഗത്തോ, മുൻഭാഗത്തോ ആയിരിക്കും അതിന് വ്യത്യസ്തമായി ഈ ട്രോളിയിൽ വീലുകൾ ഫ്ളാറ്റ്ഫോമിന്റെ പിൻഭാഗത്താണ്. അതിനാൽ ട്രോളിയുടെ മുൻഭാഗം നിലത്തോട് ചേർന്ന് പോട്ടുകൾ ട്രോളിയിലേയ്ക്ക് വളരെ ലഭിതമായി കയറ്റിവയ്ക്കാൻ സാധിക്കുന്നു. ട്രോളി മുന്നോട്ട് നീക്കുമ്പോൾ ഫ്ളാറ്റ് ഫോം നിലത്തിന് സമാന്തരമായി നിൽക്കുന്നതിനാൽ ചെടികൾക്ക് ഉലച്ചിൽ തട്ടുന്നില്ല. ട്രോളിയുടെ ഫ്ളാറ്റ്ഫോമും കൈപിടിയും പ്രത്യേക ആംഗിളിൽ നീക്കുന്നതിനാൽ പോട്ടുകളുടെ ഭാഗം ശരീരത്തിന് ആയാസകരമായി അനുഭവപ്പെടുന്നില്ല.



വെജിറ്റബിൾ പോട്ട് ഷിഫ്റ്റ് ട്രോളി ചെടികളിലും ഗ്രോബാഗുകളിലും പച്ചക്കറിക്കൃഷിയ്ക്കും പൂച്ചെടി വളർത്തുന്നവർക്കും വളരെ ഉപകാരപ്രദമാണ്. സാധാ

രണയായി ചട്ടികളിലും ഗ്രോബാഗുകളിലും ചെടികൾ നട്ടതിന് ശേഷം അത് ഒരു നിലത്തുനിന്ന് മറ്റൊരുസ്ഥലത്തേയ്ക്ക് പലപ്പോഴും മാറ്റി വയ്ക്കേണ്ടതായി വരുന്നുണ്ട്. ഇത് ആയാസകരവും എന്നാൽ സൂക്ഷ്മതയോടെയും ചെയ്യേണ്ട കാര്യമാണ്. ഈ അവസരങ്ങളിൽ വെജിറ്റബിൾ പോട്ട് സ്റ്റാന്റും ട്രോളിയും ഉപയോഗിച്ചാൽ വളരെ എളുപ്പത്തിൽ ആയാസരഹിതവും സുരക്ഷിതമായും ചെടികളെ മാറ്റി വയ്ക്കുവാൻ സാധിക്കുന്നു.

അതൊടൊപ്പം ഭാരമുള്ള ചട്ടികളും മറ്റും എടുത്തു മാറ്റുമ്പോൾ നടുവിനും ശരീരത്തിനും ഉണ്ടാകാവുന്ന പ്രശ്നങ്ങളിൽ നിന്ന് മോചനവും വളരെ എളുപ്പത്തിൽ ചെടികളെ എടുത്തു മാറ്റുമ്പോൾ ഉണ്ടാകുന്ന ഉലച്ചിലുകളിൽ നിന്ന് ചെടികൾക്ക് സംരക്ഷണവും, മുള്ളുകൾ ഉള്ളതും ദേഹത്ത് കൊണ്ടാൽ അസ്വസ്ഥത ഉണ്ടാക്കുന്നതുമായ ചെടികളെ അകത്ത് നിന്ന് ട്രോളി ഉപയോഗിച്ച് മാറ്റി വയ്ക്കുവാനും സാധിക്കുന്നു.

# VEGETABLE POTS STAND

പച്ചക്കറികളും പൂച്ചെടികളും വളർത്തുന്നതിനായി ഉപയോഗിക്കുന്ന ഗ്രോബാഗുകളും പൂച്ചട്ടികളും ടെറസ്സിലും ടൈൽപാകിയ സ്ഥലങ്ങളിലും വയ്ക്കുമ്പോൾ നിലത്തോട് ചേർന്ന് ഇരുന്നാൽ ആ ഭാഗത്തിന് എപ്പോഴും നനവ് ഉണ്ടായിരിക്കും. ഇത് ടെറസിന് കേടുവരുത്തുവാനും ഈ ചട്ടികളുടെയും ബാഗുകളുടെയും അടിയിൽ ചെറുജീവികളുടെയും ഉറുമ്പുകളുടെയും വാസസ്ഥലമാകാനും സാധ്യതയുണ്ട്. എന്നാൽ വെജിറ്റബിൾ പോട്ട് സ്റ്റാന്റ് ഉപയോഗിച്ചാൽ ചട്ടികളും ഗ്രോബാഗുകളും തറയിൽ നിന്ന് ഉയർന്ന് നിൽക്കുന്നു. അതിനാൽ ഊറിവരുന്ന വെള്ളം ഉണങ്ങിപോകുകയും ചെറുജീവികളുടെ ശല്യം ഉണ്ടാകാതെ സൂക്ഷിക്കാനും സാധിക്കുന്നു. മറ്റൊന്ന്, ഗ്രോബാഗുകളിൽ കൃഷി ചെയ്യുമ്പോൾ വെജിറ്റബിൾ പോട്ട് സ്റ്റാന്റ് ഉപയോഗിച്ചാൽ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് ബാഗുകൾ മാറ്റി വെയ്ക്കേണ്ടി വരുമ്പോൾ സ്റ്റാന്റ് സഹിതം എടുത്ത് മാറ്റി വയ്ക്കാൻ സാധിക്കുന്നു. ഇതിലൂടെ ബാഗ് കീറി നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ കഴിയുന്നു. വെജിറ്റബിൾ പോട്ട് ട്രോളി ഉപയോഗിക്കുന്നതിന് ഈ സ്റ്റാന്റ് വളരെ ഉപകാരപ്രദമാണ്.



**ഫോൺ: 7907184470**

# HILL RANGE TRIBAL FARMERS PRODUCT COMPANY LTD. KANNAMPADY

## KS JOSEPH

**PDS** ന്റേയും നബാർഡിന്റേയും സഹകരണത്തോടെ കണ്ണംപടി കേന്ദ്രമായി കേന്ദ്ര കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 2016 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ കമ്പനിയുടെ ഉടമസ്ഥതയിൽ 'പ്രകൃതി' എന്ന ഷോപ്പും 'വനശ്രീ' ഫുഡ് പ്രോസസിംഗ് യൂണിറ്റും ഉപ്പുതറയിൽ പ്രവർത്തിക്കുന്നു. വനോൽപന്നങ്ങളുടെയും കാർഷികോത്പന്നങ്ങളുടെയും സമാഹരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും അവയുടെ വിപണനവും വഴി കർഷകർക്ക് താങ്ങും തണലുമാകുവാൻ, അതുവഴി സർക്കാരിനെ സഹായിക്കുവാൻ ഒരു പരിധി വരെ കമ്പനിക്ക് കഴിയുന്നുണ്ട്. കിഴങ്ങുവർഗങ്ങൾ, പച്ചക്കറികൾ, വാഴക്കുല, കാന്താരി, കണ്ണംപടി പ്രദേശത്തുള്ള കുടംപുളി, ഈന്തങ്ങാ, വാളൻ പുളി, കറിനാരങ്ങ, ചെറുനാരങ്ങാ, നാടൻകോഴിമുട്ട മുതലായവ ശേഖരിക്കുകയും ഏത്തക്കായി, ശർക്കരവരട്ടി, ഈന്തങ്ങാപ്പൊടി, കാപ്പിപ്പൊടി, കൂവപ്പൊടി, വിവിധയിനം നാടൻ അച്ചാറുകൾ, സംസ്കരിച്ച കാട്ടുതേൻ, ചെറുതേൻ മുതലായവ 'വനശ്രീ' എന്ന ബ്രാൻഡിൽ വിപണനം നടത്തിവരുന്നു.

ഇതരകർഷക കമ്പനികളുടെ ഉത്പന്നങ്ങൾ, MDS ഉത്പന്നങ്ങൾ, പ്രകൃതിദത്ത അണുനാശിനി എന്ന നിലയിൽ ഗുണമേറിയ പുൽത്തൈലം, മറയൂർശർക്കര, നാടൻ കുത്തരി, മുളയരി, ചണവിത്ത് (Flax Seed), കരിം ജീരകം, ആവണക്കെണ്ണ, ഉരുക്ക് വെളിച്ചെണ്ണ, നാടൻ നെയ്യ്, കണ്ണംപടി കപ്പ, ഉണക്കലരി, കൂവപ്പൊടി, മെയിസ്പൊടി, നാടൻ അവൽ, നാടൻ കറിപൗഡറുകൾ, കാപ്പിപ്പൊടി മുതലായവയും കമ്പനിയുടെ ഷോപ്പുകളിൽ ലഭ്യമാണ്. വ്യാപാര സ്ഥാപനം എന്നതിലുപരി മൂല്യവർദ്ധിത കാർഷികോത്പന്ന നിർമ്മാണ സ്ഥാപനം എന്ന നിലയിൽ 435 അംഗങ്ങളുള്ള ഈ കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് ചെയർമാൻ ശ്രീ ജെയിംസ് തുമ്പശ്ശേരിയുടെ നേതൃത്വത്തിലുള്ള ഡയറക്ടർ ബോർഡ് നേതൃത്വം വഹിക്കുന്നു.


2013-ലെ കമ്പനീസ് ആക്ട് അനുസരിച്ച് രാജ്യത്താകമാനം നാമമാത്ര കർഷകരെ സംഘടിപ്പിച്ചുകൊണ്ട് കർഷക കമ്പനികൾ രൂപീകരിക്കുന്നതിനും, നബാർഡ് നേതൃത്വം വഹിക്കുന്നു. കാർഷിക വിപണിയിൽ കർഷകർക്ക് നേരിട്ട് ഇടപെടുന്നതിനും അവരുടെ ഉത്പന്നങ്ങൾ മൂല്യവർദ്ധിതമാക്കി പ്രാദേശിക ബ്രാൻഡിൽ മാർക്കറ്റിൽ ഇറക്കുന്നതിനും കർഷകരെ കക്ഷി രാഷ്ട്രീയ വിഭാഗീയ ചിന്തകൾക്കതീതമായി പ്രാപ്തമാക്കുക എന്നതാണ് ഫാർമേഴ്സ് പ്രൊഫസർ ഓർഗനൈസേഷനുകളുടെ ലക്ഷ്യം ($FPO_2$), ഇന്ന് കേരളത്തിൽ 160-ലധികം കർഷക കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്കെല്ലാം മാതൃകയായി ഹിൽ റേഞ്ച് ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി കണ്ണംപടി ആദിവാസി കോളനി കേന്ദ്രമായി പ്രവർത്തിക്കുന്നു.


കമ്പനിക്ക് ഇന്ന് 5 ഷോപ്പുകളും വനശ്രീ ഫുഡ് പ്രോസസിംഗ് യൂണിറ്റും വനശ്രീ ഹണി പ്രോസസിംഗ് യൂണിറ്റും ഉണ്ട്. കേന്ദ്രസർക്കാർ രാജ്യത്തെ കർഷക കമ്പനികളെക്കുറിച്ചും പഠിക്കാനും ഇടുക്കി ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത ഏക കമ്പനിയാണ് ഹിൽ റേഞ്ചും ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. കമ്പനിയുടെ പ്രവർത്തന മികവിനും അംഗീകരമായി നബാർഡിന്റെ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ഡവലപ്മെന്റ് ഫണ്ടിൽ നിന്നും (PODF) 2,40,000 ലഭിക്കുകയും ഉണ്ടായി.


# റബ്ബർ ടാപ്പിംഗ് അനായാസകരമാക്കാൻ ബാറ്ററിയിൽ പ്രവൃത്തിക്കുന്ന കത്തിയുമായി

## ശ്രീ. ബിജു നാരായണൻ









**ഇ**ടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ വഴിത്തലക്കരയിൽ ശ്രീ. ബിജു നാരായണന്റെ കണ്ടെത്തലുകളെപ്പറ്റി പറയാൻ ഒരു പാടുണ്ട്. പഴയ രീതികളെ പുതിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ തന്റേതായ രീതിയിൽ ഏറ്റവും സൗഹൃദപരമായി അവതരിപ്പിക്കുക എന്നതാണ് ബിജുവിന്റെ ശൈലി. ഒരുപാട് വാണിജ്യ സാധ്യതകൾ ഉള്ളതാണ് കണ്ടെത്തലുകൾ എല്ലാം തന്നെ. സോളാർ മിക്സി, സോളാർ പമ്പ്, അടുക്കളയിലെ മലിനജലത്തിൽ നിന്നും വൈദ്യുതി, തേങ്ങാ

പൊട്ടിക്കുന്ന മിഷ്യൻ, ടാപ്പിംഗ് മിഷ്യൻ, ഒരു കൗതുകത്തിനായി ലോകത്തിലെ ഏറ്റവും ചെറിയ ചർക്ക, വാഹനത്തിന്റെ ബാറ്ററി ചാർജ് രേഖപ്പെടുത്തുന്ന മീറ്റർ തുടങ്ങി ഒട്ടേറെ കണ്ടെത്തലുകൾ. ഇതിൽ റബ്ബർ ടാപ്പിംഗ് മിഷ്യൻ നമുക്ക് പരിചയപ്പെടാം.

1. ഈ മിഷ്യൻ റബ്ബർ ടാപ്പിങ്ങിന് ഉപയോഗിക്കുമ്പോൾ, ഒരു സൈഡ് ടാപ്പ് ചെയ്യുമ്പോൾ മിഷ്യൻ മുന്നോട്ടും അതുപോലെ തന്നെ പുറകോട്ടും മരം ടാപ്പ് ചെയ്യാവുന്നതാണ്. എന്നാൽ നമ്മൾ പഴയ രീതിയിലുള്ള കത്തി (നാടൻ) ഉപയോഗിക്കുമ്പോൾ മുന്നോട്ട് ടാപ്പ് ചെയ്യുമ്പോൾ മരത്തിന്റെ അഗ്രഭാഗം പുറകോട്ട്വെട്ടണമെങ്കിൽ ഒന്നുകിൽ കത്തി കൈയിൽ തിരിച്ചു പിടിക്കണം, അല്ലെങ്കിൽ നമ്മൾ തിരിഞ്ഞു നിന്ന് ടാപ്പ് ചെയ്യണം.

2. ഇതിൽ മോട്ടറാണ് കത്തിയുടെ (ടിപ്പ്) ഭാഗം ചലിപ്പിക്കുന്നത് അതുകൊണ്ട് യാതൊരുവിധഅധ്വാനവും കൂടാതെ വളരെ എളുപ്പത്തിൽ മരം ടാപ്പ് ചെയ്യാവുന്നതാണ്. എന്നാൽ, സാധാരണ കത്തികൾ ഉപയോഗിക്കുമ്പോൾ കൈയിൽ കൂടുതൽ ബലം കൊടുക്കുന്നതുകൊണ്ട് ചെസ്റ്റിന് വേദനയും കൈകഴപ്പും ഉണ്ടാകുന്നു. കൂടാതെ കൂടുതൽ അധ്വാനവും വരുന്നു.

3. ഈ മിഷ്യൻ കൊണ്ട് മരം ടാപ്പ് ചെയ്യുമ്പോൾ പട്ടയുടെ ആഴവും മരത്തിൽ കൊള്ളാതെയും നോക്കേണ്ട കാര്യമില്ല. കാരണം ഇതിൽ പട്ടയുടെ സൈഡ് കനവും, പട്ടയുടെ താഴ്ചയും ക്രമീകരിക്കാനുള്ള Superഗൈഡുകൾ ഇതിലുണ്ട്. അതുകൊണ്ട് മുകളിൽ കൂടി മിഷ്യൻ ചലിപ്പിച്ചാൽ മാത്രം മതിയാവും. എന്നാൽ, സാധാരണ കത്തി ഉപയോഗിച്ചാൽ എത്ര പരിചയ സമ്പന്നനാണെങ്കിലും ചിലപ്പോഴെങ്കിലും പാൽപ്പട്ടയും മുറിഞ്ഞ് മരത്തിൽ കത്തി കൊള്ളാറുണ്ട്. ഇത് മരത്തിന്റെ പട്ടമരപ്പിനും തുടർന്ന് മരം കേടുവന്നുപോകാനും ഇടയാകുന്നു.

4. മിഷ്യനിൽ കട്ടിംഗ് ടിപ്പിന്റെ high Speed ചലനം കൊണ്ട് Step by Step ആയി മരത്തിൽ ടാപ്പിങ്ങ് വരുന്നില്ല. ഒറ്റ ചലനത്തിൽ തന്നെ ടാപ്പിങ്ങ് Finish ചെയ്യാം. എന്നാൽ, സാധാരണ ടാപ്പിങ്ങ് കത്തി എടുത്ത് എടുത്ത് മരം വെട്ടുന്നതുകൊണ്ട് പട്ടയിൽ ചെറിയ അളവിലെങ്കിലും സ്റ്റെപ്പുകൾ ഉണ്ടാകുന്നു. ഇത് പട്ടയിലൂടെ പാൽ ഒഴുക്കുന്നത് തടസ്സപ്പെടാനും പട്ട കൂടുതൽ ആഴത്തിൽ മുറിയുവാനും കാരണമാകുന്നു. എന്തുകൊണ്ടെന്നാൽ, അടുത്ത ദിവസം ആ പാട് വെട്ടുമ്പോൾ ആദ്യത്തെ സ്റ്റെപ്പുകൾ നികത്തി വീണ്ടും ടാപ്പിങ്ങ് ചെയ്യണമല്ലോ.

5. ഈ മിഷ്യന്റെ സൂപ്പർ സെൻസറുകൾ ഉള്ളതുകൊണ്ട് കണ്ണറിയാൻ പാടില്ലാത്തവർക്കും പരിചയം കൊണ്ട് ഈ മിഷ്യൻ ഉപയോഗിച്ച് എളുപ്പത്തിൽ മരം ടാപ്പ് ചെയ്യാൻ സാധിക്കുന്നു. കാരണം, മരത്തിലെ പട്ട ടാപ്പ് ചെയ്താൽ മാത്രം അറിയാവുന്ന രീതിയിലാണ് ഈ മിഷ്യൻ ഡിസൈൻ ചെയ്തിരിക്കുന്നത്. എന്നാൽ കത്തിയിൽ (നാടൻ) ഈ സംവിധാനം ഒന്നുമില്ല.

6. ടാപ്പിങ്ങ് അറിയാത്തവർക്കും സ്ത്രീകൾക്കും ഈ മിഷ്യൻ വളരെ എളുപ്പത്തിൽ ഉപയോഗിക്കാം. എന്നാൽ സാധാരണ കത്തിയിൽ വളരെ നാളത്തെ പരിശീലനം കൊണ്ട് മാത്രമേ ടാപ്പിങ്ങ് സാധ്യമാവുകയുള്ളൂ. ടാപ്പിങ്ങ് രംഗത്ത് തൊഴിലാളികളുടെ എണ്ണം കുറയുന്നത് ഈ മേഖലയിൽ വളരെ വിഷമതകൾ ഉണ്ടാക്കുന്നു. എന്നാൽ, Motorised Rubber Tapping Machine വളരെ ഭാരം കുറഞ്ഞതും എളുപ്പം കൈകാര്യം ചെയ്യാവുന്നതുമാണ്.

7. ഈ മിഷ്യനിൽ ടാപ്പിങ്ങ് ടിപ്പ്, ഉപയോഗിക്കുന്നവരുടെ ഇഷ്ടത്തിന് അനുസരിച്ച് മാറ്റാവുന്നതാണ്. പല രീതിയിലുള്ള ടിപ്പുകൾ ഈ മിഷ്യനിൽ ഘടിപ്പിക്കാം. മരത്തിൽ ചില്ല് അടിക്കുന്നതിനും ഈ മിഷ്യനിൽ സംവിധാനമുണ്ട്. സാധാരണ കത്തിയിൽ ഇത്തരത്തിലുള്ള ഒരു സംവിധാനവുമില്ല.

8. ഈ മിഷ്യൻ വളരെ ഭാരം കുറഞ്ഞതാണ്. ഒറ്റ തവണ ചാർജ്ജിംഗിൽ 75 മിനിറ്റ് സമയം തുടർച്ചയായി ഉപയോഗിക്കാം. ചാർജ്ജ് തീർന്ന് കഴിഞ്ഞാൽ അഡീഷണൽ ചാർജ്ജ് ചെയ്ത ബാറ്ററി കയറ്റി വെയ്ക്കാവുന്നതാണ്. 6v ബാറ്ററിയിലാണ് ഈ മിഷ്യന്റെ പ്രവർത്തനം.

9. ഈ മിഷ്യന്റെ ടാപ്പിങ്ങ് ടിപ്പ്, നാല് സൈഡ് ഒരുപോലെ ഉപയോഗിക്കാവുന്നതാണ്. ടാപ്പിങ്ങ് സമയത്ത് പട്ടയുടെ കനവും താഴ്ചയും ഇഷ്ടാനുസരണം കൂട്ടുവാനും കുറക്കുവാനും ഗൈഡിന് സാധിക്കും.

10. രാത്രികാലങ്ങളിൽ റബ്ബർ ടാപ്പിങ്ങിന് പ്രത്യേക ലൈറ്റ് ഉപയോഗിക്കേണ്ടതില്ല. ആ സംവിധാനം ഇതിലുണ്ട്. എന്നാൽ സാധാരണ കത്തിയിൽ ഇങ്ങനെയൊരു സംവിധാനമില്ല.




ഞാൻ ചന്ദ്രശേഖരൻ നായർ, തൃശ്ശൂർ ഉള്ള കലാശ്രീ എന്ന ലൈബ്രറിയിൽ നിന്നാണ് ഇനി കർഷകൻ സംസാരിക്കട്ടെ എന്ന മാഗസിൻ ഞാൻ വായിക്കാനിടയായത്. ഈ മാഗസിൻ എനിക്ക് അയച്ചുതരണമെന്ന് ആഗ്രഹിക്കുകയാണ്. മറ്റു മാഗസീനുകളിൽ നിന്നും വ്യത്യസ്തമായി സാധാരണക്കാരന്റെ കണ്ടുപിടുത്തങ്ങളെ അറിയിക്കുന്ന ഈ മാഗസിന്റെ എല്ലാ ലേഖനങ്ങളും ഞാൻ വായിച്ചു. വളരെ നന്നായിരിക്കുന്നു. എല്ലാ നന്മകളും ഭാവുകങ്ങളും നേരുന്നു.

**ചന്ദ്രശേഖർ നായർ, തൃശ്ശൂർ**

സാർ, ഇനി കർഷകൻ സംസാരിക്കട്ടെ എന്ന മാഗസിൻ ഞാൻ വായിച്ചു. ഞാൻ കണ്ടെത്തിയതും ശേഖരിച്ചു കൊണ്ടുവന്നതുമായ ചക്കാമ്പുഴയിലെ ചക്കപ്രേമി എന്ന ലേഖനത്തിലൂടെ പ്രതിപാദിച്ചതിന് നന്ദി പറയുന്നു. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറയുന്നു. ഞങ്ങളെപ്പോലുള്ള ചെറിയ കണ്ടുപിടുത്തക്കാർക്ക് ഈ മാഗസിൻ എന്നും ഒരു പ്രചോദനമാണ്. എല്ലാ ആശംസകളും നേരുന്നു.

**വി.റ്റി. തോമസ് ചക്കാമ്പുഴ**

ഇനി കർഷകൻ സംസാരിക്കട്ടെ എന്ന മാഗസിൻ പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെപ്രസിദ്ധീകരണം വായിക്കാൻ ഇടയായി. നമ്മുടെ നാട്ടിൽ ഇത്രയും ഗവേഷകരായ കർഷകർ അല്ലെങ്കിൽ സാധാരണക്കാർ ഉണ്ട് എന്ന് അറിയുന്നതിൽ സന്തോഷം. അവർ സമൂഹത്തോട് കാണിക്കുന്ന പ്രതിബദ്ധത അങ്ങേയറ്റം അഭിമാനാർഹമാണ്. തികച്ചും അതിനുവേണ്ടി മാത്രം സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന ഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**പി.സി.ജോസഫ്**
**മുൻ എം.എൽ.എ., മൂവാറ്റുപുഴ**

राष्ट्रीय नवप्रवर्तन प्रतिष्ठान – भारत
विज्ञान एवं प्रौद्योगिकी विभाग, भारत सरकार का स्वायत्तशासी संस्थान
National Innovation Foundation - India
Autonomous Body of the Department of Science and Technology, Govt. of India

Honey Bee Network

# പരസഹായം കൂടാതെ വികസിപ്പിച്ച സാധാരണക്കാരുടെ സാങ്കേതിക കണ്ടുപിടുത്തങ്ങൾക്കും വേറിട്ട പാരമ്പര്യ അറിവുകൾക്കുമുള്ള 12–ാം ദേശീയ മത്സരം

**നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷൻ,** രണ്ട് വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങൾക്കും, വേറിട്ട പാരമ്പര്യ അറിവുകൾക്കുമുള്ള 12–ാം ദേശീയ മത്സരത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഗ്രാമീണ നഗര മേഖലകളിലെ വ്യക്തികൾ, കർഷകർ, കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, വർക്ക്ഷോപ്പ് മെക്കാനിക്കുകൾ, ചേരിനിവാസികൾ, സ്ത്രീകൾ, നാട്ടുകൂട്ടങ്ങൾ, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, എന്നിവർക്ക് അപേക്ഷിക്കാം.

കാർഷിക കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന യന്ത്രങ്ങൾ, ഉല്പന്നങ്ങൾ, നിർമ്മാണരീതികൾ, ഊർജ്ജസംരക്ഷണം, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുള്ള യന്ത്രങ്ങൾ, സസ്യഇനങ്ങൾ, സസ്യങ്ങളുടെ വിവിധ ഉപയോഗം, മൃഗപരിപാലനം, എന്നിവയിലേതുമാകാം കണ്ടുപിടുത്തങ്ങൾ. കണ്ടുപിടുത്തങ്ങൾ സ്വന്തമായും, പുറത്തുനിന്നും സാമ്പത്തിക സാങ്കേതികസഹായം കൂടാതെയും വികസിപ്പിച്ചവയാകണം. സ്ത്രീകളുടെ, സ്ത്രീകൾക്കുള്ള കണ്ടുപിടുത്തങ്ങൾക്ക്, വികലാംഗർക്കുള്ള കണ്ടുപിടുത്തങ്ങൾക്ക്, പ്രത്യേക അവാർഡ് നൽകുന്നതായിരിക്കും. സാങ്കേതിക വികസനത്തിനുതകുന്ന, മികച്ച ആശയങ്ങളും, മാതൃകകളും മത്സരത്തിന് പരിഗണിക്കുന്നതാണ്.

**പതിനായിരം (10,000) മുതൽ ഏഴരലക്ഷം (7,50,000/–)** രൂപ വരെയുള്ള അവാർഡുകൾ വിവിധ ഇനങ്ങളിൽ നൽകുന്നതാണ്. സമ്മാനതുകയുടെ 35% മുതൽ 52% വരെ ആജീവനാന്ത സംഭാവനയ്ക്കുള്ള അവാർഡ് ലഭിച്ചവർക്കും, ദേശീയതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിച്ചവർക്കും മാസംപ്രതിയുള്ള ഫെല്ലോഷിപ്പുകളായിട്ടാവും നൽകുന്നത്. സമ്മാനതുകയുടെ 15% അവാർഡ് ലഭിച്ച വ്യക്തിക്ക് അവരുടെ താൽപര്യാനുസരണം, അവരുടെ സമൂഹത്തിന് ഉതകുന്ന ക്ഷേമപ്രവർത്തനങ്ങൾക്കും, പ്രകൃതി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമാണ് നൽകുന്നത്.

ഇത് കൂടാതെ മികച്ച കണ്ടുപിടുത്തങ്ങൾ **കണ്ടെത്തുവാനും രേഖപ്പെടുത്തുവാനും, സഹായിച്ച മികച്ച സ്ഥാപനങ്ങൾ, വ്യക്തികൾ,** സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങൾക്ക്, മൂല്യവർദ്ധനവ് നടത്തിയ ശാസ്ത്രജ്ഞർ, സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിച്ച പത്രപ്രവർത്തകർ എന്നിവർക്ക് പ്രത്യേകം അവാർഡുകൾ നൽകുന്നതായിരിക്കും. 12–ാം ദേശീയമത്സരത്തിന് പരിഗണിക്കുന്ന കണ്ടുപിടുത്തങ്ങൾ മാർച്ച് 31, 2021നകം NIF ലേക്ക് അയച്ചു തരേണ്ടതാണ്.

**അപേക്ഷകൾ അയക്കേണ്ട വിലാസം:**

സ്റ്റെബിൻ കെ. സെബാസ്റ്റ്യൻ
എൻ.ഐ.എഫ്. കോർഡിനേറ്റർ, കേരളാ പ്രദേശ്,
പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി (PDS)
പി.ബി. നമ്പർ 11. പീരുമേട്, ഇടുക്കി ജില്ല, കേരള

**ഫോൺ: 9497682177**

# i-STED - സംരംഭകരുമായി ബന്ധപ്പെടേണ്ട വിലാസം

K. Rajan
Karippelil House
Kampetty P.O.
Thalappuzha
Wayanad - 670644
Ph: +91 9847551853

P.G. George
Puliyanmakkil (Zion)
Organic Nursery
Venmani P.O.
Pattayakudy
Idukki District
Ph: +91 8281015160

K. Rajesh
Kolalathettu House
Kayakunnu P.O.
Panamaram Via
Wayanad - 670721
Ph: 9497643586

A. Balakrishnan
Ambily Nilayam
Kammana P.O.
Wayanad District
Ph: +91 9497079823

P.M. Mathew
Puthenpurayil House
Sambarkode
Agali P.O.
Palakkad - 678581
Ph: +91 9020706090

Agustine Thomson
Thomson's Electromatic
Tyre Machines (P) LTD
Industrial Development Plot No.. 12
Athani, Peringandoor, Thrissur - 680581
Ph: 0487 2202470

Implemented by
Peermade Development Society

Supported by
Innovation-Science & Technology based
Entrepreneurship Development (i-STED)
National Science and Technology Entrepreneurship
Development Board (NSTEDB)
Department of Science and Technology (DST)
Government of India



## ഹണീബീ പ്രാദേശിക പ്രസിദ്ധീകരണങ്ങൾ


Dr Balaram Sahu
Keshari Enclave, B- Block, Flat No-401 Nayapalli, Bhubaneswar-12 Odisha
balaram.sahu@gmail.com

Ini Karshakan Samsarikkatte (Malayalam)
Fr Jilson James
Peermade Development Society, Peermade, Idukki - 685531, Kerala fjkpds@gmail.com

Loksarvani (Gujarati) and Sujh-Bujh Aas Paas ki (Hindi)
SRISTI, P O Box No.15050 Ambawadi
Ahmedabad - 380015 Gujarat
loksarvani@sristi.org

Num Vali Velanmai (Tamil)
Mr P Vivekanandan
45, T P M Nagar, Virattipathu, Madurai - 625010
Tamil Nadu
vivekseva@gmail.com

Palle Srujana (Telugu)
Brig Pogula Ganesham VSM (Retd)
c/o Ms. Aruna Ganesham,
102, Vayupuri, Sainikpuri Post
Secunderabad-500 094
Andhra Pradesh
ganeshpogula@hotmail.com





**ഹണീബീ ശൃംഖലയിൽ കണ്ണികളാകാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ?**

150 രൂപയുടെ ക്രോസ് ചെയ്ത
ഡി.ഡി. / മണിയോർഡർ
C/o പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി
പീരുമേട്, ഇടുക്കി
(സ്ഥാപനങ്ങൾ ക്രോസ് ചെയ്ത ഡി.ഡി./മണിയോർഡർ)
എന്ന വിലാസത്തിൽ അയച്ചുതരിക

ഇനി കർഷകൻ സംസാരിക്കട്ടെ എന്ന പ്രസിദ്ധീകരണത്തിന്റെ 3 ലക്കങ്ങളും അനുബന്ധലേഖനങ്ങളും നിങ്ങൾക്ക് അയച്ചുതരുന്നതായിരിക്കും. ഈ പ്രസിദ്ധീകരണത്തിലേയ്ക്കുള്ള ലേഖനങ്ങൾ/കാർട്ടൂണുകൾ, കൃഷി അനുഭവങ്ങൾ തുടങ്ങിയവ ഈ വിലാസത്തിൽ അയച്ചുതരിക. തെരഞ്ഞെടുക്കപ്പെടുന്നത് പ്രസിദ്ധീകരിക്കുന്നതായിരിക്കും

**ഫാ. ജിൽസൺ ജെയിംസ്**
ഇനി കർഷകൻ സംസാരിക്കട്ടെ...


Catelized and Supported by
Innovation - Science &Technology Based Entrepreneurship Development (i-STED)
NSTEDB, DST, Government of India


If undlivered please return to
Editor, **Ini Karshakan Samsarikkatte**
Peermade Development Society
P.B. No. 11, Peermade - 685 531, Idukki Dist., Kerala

To